
www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 32 | 2017 AUG 19 | ₹10



## വീട് നിർമാണവും വാസ്തു ശാസ്ത്രവും



FREEDOM പ്രാണവായുവും പാരതന്ത്ര്യവും

മാതാവിന്റെ അസ്ഥികൂടം മകന് കതക് തുറന്നു കൊടുക്കുമോ?

ഇസ്‌ലാമിന്റെ തണലിൽ സ്ത്രീ സുരക്ഷിതയാണ് II പ്രബോധന വീഥിയിൽ തളരാതെ

# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

നേർപഥം
വാരിക

0032 / 2017 ആഗസ്ത് 19 / 1438 ദുൽകഅദ് 26 / പുസ്തകം 01 / ലക്കം 32




# വീട് നിർമാണവും വാസ്തു ശാസ്ത്രവും

ഡോ. പി.കെ അബ്ദുറസാഖ് സുല്ലമി / 10


**മുഖമൊഴി**

ഭയവും പ്രതീക്ഷയും / 05
എഡിറ്റർ

**ലേഖനം**

സാമൂഹ്യ ബന്ധങ്ങൾ തകരാതെ സൂക്ഷിക്കുക / 06
ഹാഷിം കാക്കയങ്ങാട്

മാതാവിന്റെ അസ്ഥികൂടം... / 15
മുഹമ്മദലി ചെർപ്പുളശ്ശേരി

മോഷ്ടാവും ശൈഖ് ഇബ്നുബാസും / 24
പി.എൻ. അബ്ദുല്ലത്വീഫ് മദനി

അസൂയ / 26
ഫദ്ലുൽ ഹഖ് ഉമരി

**ക്വുർആൻ പഠനം**

പൊട്ടിച്ചെറിയുക ഈ ചങ്ങലകൾ / 17
ശമീർ മദീനി

**ബാലപഥം**

നിഹാലിന്റെ ധീരത / 18
റാഷിദ ബിൻത് ഉസ്മാൻ

അറിയാമോ? / 19
ഉസ്മാൻ പാലക്കാഴി

നിറങ്ങൾ / 19
റോഷ്ന ബിൻത് ദസ്തഗീർ

**ചരിത്രപഥം**

പ്രബോധന വീഥിയിൽ തളരാതെ... / 20
ഹുസൈൻ സലഫി, ഷാർജ

**വിവർത്തനം**

ഇസ്‌ലാമിന്റെ തണലിൽ സ്ത്രീ സുരക്ഷിതയാണ് / 29
ഡോ. അബ്ദുർറസ്സാക് അൽബദർ

**നമുക്ക് ചുറ്റും**

പ്രാണവായുവും പാരതന്ത്ര്യവും / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design & Layout: Elan Creativo
Cover: Riyas K | mail@nerpatham.com | www.nerpatham.com | 0495 4019437

## വായനക്കാർ എഴുതുന്നു




### വസ്തുക്കളിലുള്ള പന്നിനെയ്യ് തിരിച്ചറിയുക, ഒഴിവാക്കുക

മിക്കവാറും യൂറോപ്പ് ഉൾപ്പെടെയുള്ള പാശ്ചാത്യ രാജ്യങ്ങളിലെ പ്രാഥമിക മാംസം പന്നിമാംസമാണ്. ആ രാജ്യങ്ങളിൽ ധാരാളം ഫാമുകളിൽ പന്നി വളർത്തുന്നുണ്ട്. ഫ്രാൻസിൽ മാത്രമായി 42000ൽ അധികം ഫാമുകളുണ്ടെന്ന് കണക്കുകൾ പറയുന്നു.

മറ്റുള്ള ജീവികളെക്കാൾ പന്നികളുടെ ശരീരത്തിൽ കൂടുതൽ നെയ്യ് ഉദ്പാദിപ്പിക്കുന്നുണ്ട്. എന്നാൽ യൂറോപ്പുകാരും അമേരിക്കക്കാരും പന്നിപ്പനി പോലുള്ള അസുഖങ്ങളെ ഭയന്ന് ഇവ ഉപയോഗിക്കാറില്ല. ഇത് ക്രമീകരിക്കാനാകാതെ അവിടത്തെ ഫുഡ് ഡിപ്പാർട്ട്മെന്റുകൾ പ്രയാസത്തിലായി. അങ്ങനെ അതുകൊണ്ട് അവർ സോപ്പ് ഉണ്ടാക്കി കയറ്റുമതി ചെയ്തു. യൂറോപ്പിൽ എല്ലാ വസ്തുക്കളും അതിന്റെ പാക്കിൽ എഴുതാൻ നിയമം വന്നപ്പോൾ ഇത് കൊണ്ടുണ്ടാക്കുന്ന വസ്തുക്കളിൽ 'പിഗ് ഫാറ്റ്' എന്ന് രേഖപ്പെടുത്തി. അതോടെ ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ ഇത്തരം വസ്തുക്കൾ നിരോധിച്ചു. പിന്നീട് യുദ്ധത്തിൽ ബുള്ളറ്റ് ഉണ്ടാക്കാൻ ഉപയോഗിച്ചു, മുസ്‌ലിം പട്ടാളക്കാരുടെ എതിർപ്പിൽ അതും പരാജയപ്പെട്ടു. അവസാനം അവർ ഇ-കോഡ് ഭാഷ ഉപയോഗിക്കാൻ തീരുമാനിച്ചു. ഇത്തരത്തിൽ പന്നിനെയ്യ് ചേർക്കുന്ന വസ്തുക്കൾക്ക് ചില ഉദാഹരണങ്ങൾ കാണുക.

ടൂത്ത് പേസ്റ്റ്, ഷേവിംഗ് ക്രീം, ച്യൂയിംഗം, ചോക്കലേറ്റ്, മിഠായികൾ, ബിസ്ക്കറ്റുകൾ കോൺഫ്ളേക്സ്...

അതുകൊണ്ട് ഇക്കാര്യം എല്ലാവരും തിരിച്ചറിയണമെന്നും, നാം വാങ്ങുന്ന വസ്തുക്കളിൽ താഴെ നൽകിയിട്ടുള്ള ഇ-കോഡ് ലിസ്റ്റ് പരിശോധിക്കണമെന്നും അവയിൽ ഈ കോഡ് ഉണ്ടെങ്കിൽ ഉപേക്ഷിക്കണമെന്നും അറിയിക്കുന്നു.

E100, E110, E120, E140, E141, E153, E210, E213, E214, E216, E234, E252, E270, E280, E325, E326, E327, E334, E335, E336, E337, E422, E430, E431, E432, E433, E434, E435, E436, E440, E470, E471, E472, E473, E474, E475, E476, E477, E478, E481, E482, E483, E491, E492, E493, E494, E495, E542, E570, E572, E631, E635, E904.

**ഡോ: എം. അംജദ് ഖാൻ**

### മുസ്‌ലിംകളുടെ രാജ്യസ്നേഹം ചോദ്യം ചെയ്യപ്പെടുമ്പോൾ

സ്വാതന്ത്ര്യസമര മുന്നേറ്റങ്ങളെ വേലിപ്പടർപ്പിനപ്പുറത്ത് നിന്ന് നോക്കിക്കണ്ടപ്പോൾ കാലിന് മുള്ളു കുത്തിയ പാരമ്പര്യം പോലുമില്ലാത്ത 'ദേശീയതയുടെ വക്താക്കളോട്' രാജ്യസ്നേഹത്തിന്റെ സർട്ടിഫിക്കറ്റ് വാങ്ങേണ്ട ഗതികേടിലാണിന്ന് ഭാരതത്തിലെ ന്യൂനപക്ഷങ്ങൾ. കൊളോണിയൽ ഭാരതത്തിലെ ബ്രിട്ടീഷധികാരികളുടെ ഷൂവിനടിയിൽ വിഷം പുരട്ടിയിരുന്നെങ്കിൽ ഇന്ന് സംഘികളുടെ ഉപദ്രവങ്ങളുണ്ടാകുമായിരുന്നില്ല എന്ന കേരളത്തിലെ മുതിർന്ന രാഷ്ട്രീയ നേതാവിന്റെ അഭിപ്രായപ്രകടനം സാർഥകമാവുന്നത് ഈ പശ്ചാത്തലത്തിലാണ്.

വ്യത്യസ്ത ദർശനങ്ങൾ ഉൾക്കൊണ്ട് ജീവിക്കുമ്പോഴും പരസ്പര ബഹുമാനത്തോടെയും ആദരവോടെയും കഴിഞ്ഞിരുന്ന ഇന്ത്യയിലെ ബഹുഭൂരിപക്ഷത്തെ ഭിന്നിപ്പിച്ചു വർഗീയത വളർത്തുന്നത് ഭരണകൂടം സ്പോൺസർ ചെയ്യുന്ന ഈർക്കിൾ പാർട്ടികളാണെന്നത് ലോകത്തിന് മുമ്പിൽ ഇന്ത്യയെ നാണം കെടുത്തുന്നുണ്ട്. ഈയൊരവസരത്തിൽ മുസ്‌ലിം കൈരളിയുടെ സ്വാതന്ത്ര്യ സമര പാരമ്പര്യത്തെ എടുത്തു പറയുന്ന അൽത്താഫ് അമ്മാട്ടിക്കുന്നിന്റെ ലേഖനം ഉചിതമായി. കാലിക പ്രസക്തമായ ഇത്തരം ലേഖനങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു. ലേഖകന് അഭിനന്ദനങ്ങൾ.

**ഷാറൂഖ് അസ്‌ലം, നെല്ലിക്കാപറമ്പ്**

വായനക്കാരുടെ പ്രതികരണങ്ങൾ
mail@nerpatham.com എന്ന ഇ.മെയിലിലോ
9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ
നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.

മുഖമൊഴി

# ഭയവും പ്രതീക്ഷയും

സ്രഷ്ടാവിനെ മനസ്സിലാക്കേണ്ട പ്രകാരം മനസ്സിലാക്കുക. അവനെ ഭയപ്പെട്ടു ജീവിക്കുക. അവനെ മാത്രം ആരാധിക്കുക. ഇത് മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കടമയാണ്. അല്ലാഹു പറയുന്നു: "വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. മുസ്‌ലിംകളായിക്കൊണ്ടല്ലാതെ നിങ്ങൾ മരിച്ചു പോകരുത്"(ക്വുർആൻ 3:102).

ഈമാൻ അഥവാ വിശ്വാസം ഉണ്ട്; അതിൽ കുറവുവന്നേക്കാം. നേർമാർഗത്തിലാണ്; പക്ഷേ, വഴി തെറ്റാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് അല്ലാഹു വിശ്വാസികളെ വിളിച്ച് ഇപ്രകാരം ആഹ്വാനം ചെയ്യുന്നത്. വിശ്വാസത്തിൽ കുറവുവരാതിരിക്കാനും മാർഗഭ്രംശം സംഭവിക്കാതിരിക്കാനും അല്ലാഹു തന്നെ കൈവെടിയില്ലെന്നും തന്റെ വിശ്വാസത്തിനും സൽകർമങ്ങൾക്കും സമ്മാനമായി സ്വർഗം നൽകുമെന്നുള്ള പ്രതീക്ഷയും നരക ശിക്ഷയെ സംബന്ധിച്ച ഭയവും അനിവാര്യമാണ്. എല്ലാം കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്ന രക്ഷിതാവിനെക്കുറിച്ചുള്ള ഭയം മനസ്സിൽ നിന്ന് എപ്പോൾ ഇല്ലാതാകുന്നുവോ അപ്പോൾ മുതൽ മനുഷ്യൻ വഴിതെറ്റി സഞ്ചരിക്കാൻ തുടങ്ങും.

അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്, പൊറുക്കുന്നവനും കാരുണ്യവാനുമാണ്. ഇത് ഒരു വിശ്വാസി എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. ചിലരുണ്ട്; കുടുംബത്തിൽ, അല്ലെങ്കിൽ അയൽപക്കത്ത് ഒരു മരണം നടന്നാൽ അവരിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം നാമ്പെടുക്കുന്നു. മരണത്തെക്കുറിച്ചും പരലോകത്തെക്കുറിച്ചും അവരോർക്കും. പക്ഷേ, നീർക്കുമിളയുടെ ആയുസ്സേ അതിനുണ്ടായിരിക്കുകയുള്ളൂ. പെട്ടെന്നു തന്നെ അവർ പഴയ അവസ്ഥയിലേക്ക് മടങ്ങുന്നു. ഐഹിക സുഖഭോഗങ്ങളിൽ മുഴുകി സ്രഷ്ടാവിനെ മറക്കുന്നു!

സ്വർഗവും നരകവും കാണിക്കപ്പെട്ടപ്പോൾ നബി(സ്വ) പറഞ്ഞു:"എനിക്കറിയാവുന്ന കാര്യങ്ങൾ നിങ്ങൾ അറിയുകയാണെങ്കിൽ നിങ്ങൾ കുറച്ചു മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു."

നബി(സ്വ)യുടെ വായിൽ നിന്നു വീഴുന്ന വചനങ്ങൾ കേൾക്കാനും പ്രവർത്തികമാക്കേണ്ട കാര്യങ്ങൾ ഒട്ടും അമാന്തിക്കാതെ പ്രാവർത്തികമാക്കാനും ആർത്തികാണിക്കുന്നവരായിരുന്നു സ്വഹാബിവര്യൻമാർ. അവർ തങ്ങളുടെ നാഥനെക്കുറിച്ചോർത്ത് കരഞ്ഞു. നരകം കൺമുമ്പിൽ കാണുന്നതു പോലെ അവരതിനെ ഭയപ്പെട്ടു. സ്വജീവിതം സ്രഷ്ടാവിനു സമർപ്പിക്കാൻ അവർ തയ്യാറായി. പ്രവാചകന്റെ ആ അരുമ ശിഷ്യൻമാർ മുമ്പ് ബഹുദൈവാരാധകരായിരുന്നു. പലരും പോക്കിരികളും നീച പ്രവർത്തനങ്ങളിൽ മുഴുകി ജിവിക്കുന്നവരുമായിരുന്നു. അവരുടെ മനസ്സുകളുടെ ഇരുട്ടറകളിൽ ഏകദൈവ വിശ്വാസത്തിന്റെ കെടാവിളക്കു കത്തിച്ചുവെച്ചു. അവിടം പ്രകാശമാനമായി. അവർ ഉത്തമ സ്വഭാവവും സംസ്‌കാരവുമുള്ളവരായി മാറി. അറിവില്ലായ്മ കൊണ്ട് ചെയ്തുപോയ പാപങ്ങൾ പൊറുത്തുതരാൻ അവർ സർവ ശക്തനോട് കേണു കരഞ്ഞു. അവന്റെ വചനങ്ങൾ അവർക്ക് ഭയവും പ്രതീക്ഷയും നൽകി.

അല്ലാഹുവെക്കുറിച്ചുള്ള സ്മരണയിൽ നിന്ന് വിശ്വാസികളെ അകറ്റാൻ പിശാച് ജാഗരൂകനാണ്. അവനെക്കുറിച്ചുള്ള ഭയം മനസ്സിൽനിന്നകറ്റാനും അവനിലുള്ള പ്രതീക്ഷ നശിപ്പിക്കാനും പിശാച് ശ്രമിച്ചുകൊണ്ടിരിക്കും. എന്നാൽ അല്ലാഹു സത്യനിഷേധികൾക്ക് തയ്യാറാക്കി വെച്ചിരിക്കുന്ന നരകാഗ്നിയെ ഭയപ്പെടുകയും സത്യവിശ്വാസികൾക്ക് ഒരുക്കിവെച്ചിരിക്കുന്ന സ്വർഗീയാരാമങ്ങളിൽ ആശയർപ്പിക്കുകയും ചെയ്യുന്ന നിഷ്‌കളങ്കരായ വിശ്വസികളെ ദൈവസ്മരണയിൽ നിന്നകറ്റാൻ പിശാചിനു സാധ്യമല്ല.

അല്ലാഹു പറയുന്നു: "...പറയുക: ഉയിർത്തെഴുന്നേൽപിന്റെ നാളിൽ സ്വദേഹങ്ങൾക്കും തങ്ങളുടെ ആളുകൾക്കും നഷ്ടം വരുത്തിവെച്ചതാരോ അവരത്രെ തീർച്ചയായും നഷ്ടക്കാർ. അതു തന്നെയാണ് വ്യക്തമായ നഷ്ടം. അവർക്ക് അവരുടെ മുകൾ ഭാഗത്ത് തീയിന്റെ തട്ടുണ്ട്. അവരുടെ കീഴ്ഭാഗത്തുമുണ്ട് തട്ടുകൾ. അതിനെപ്പറ്റിയാണ് അല്ലാഹു തന്റെ ദാസന്മാരെ ഭയപ്പെടുത്തുന്നത്. ആകയാൽ എന്റെ ദാസന്മാരേ, നിങ്ങൾ എന്നെ സൂക്ഷിക്കുവിൻ (39:15-16)." ●

ഹാഷിം കാക്കയങ്ങാട്
hashimvampan@gmail.com

ലേഖനം



# സാമൂഹ്യ ബന്ധങ്ങൾ തകരാതെ സൂക്ഷിക്കുക

മറ്റു ജന്തുജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു പാട് സവിശേഷതകൾ നൽകപ്പെട്ടവരാണ് മനുഷ്യർ. അതിലേറ്റവും പ്രധാനപ്പെട്ടത് വിശേഷബുദ്ധിയാണ്. മനുഷ്യർക്ക് ബുദ്ധി നൽകിയ സ്രഷ്ടാവ് മറ്റു ജീവജാലങ്ങൾക്കും അവർക്കനുയോജ്യമായ ബുദ്ധി നൽകിയിട്ടുണ്ട്. എന്നാൽ വിശേഷബുദ്ധി എന്ന ഗുണം മനുഷ്യന് മാത്രം നൽകപ്പെട്ട അനുഗ്രഹമാണ്. തന്നെ പ്രസവിച്ച് പാലൂട്ടിയ അമ്മപ്പശുവുമായി ഇണചേർന്ന് പ്രത്യൽപാദനം നടത്തുന്ന കാള നമ്മെ അത്ഭുതപ്പെടുത്താത്തത് അത് കൊണ്ടാണ്. ഒറ്റ പ്രസവത്തിൽ അഞ്ചും ആറും കുഞ്ഞുങ്ങളെ പ്രസവിക്കുന്ന ജന്തുജാലങ്ങളും മുട്ടകൾക്ക് മേൽ അടയിരുന്ന് കുഞ്ഞുങ്ങളെ വിരിയിക്കുന്ന തള്ളപ്പക്ഷികളും തങ്ങളുടെ മക്കളുമായി ഇണചേരുകയും അവയുടെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയും ചെയ്യുന്നതിൽ നാമാരും അസ്വാഭാവികത ദർശിക്കുന്നില്ല. കാരണം അവയുടെ പ്രകൃതം ആ രൂപത്തിലാണ്. എന്നാൽ മനുഷ്യർ ഇതിൽ നിന്നും തീർത്തും വ്യത്യസ്തനാണ്. ഭദ്രമായ സാമൂഹിക അടിത്തറയിലാണ് അവരുടെ ജീവിതചക്രം കറങ്ങുന്നത്. ആരുമായും എന്തുമാവാം എന്നതിന് പകരം ഓരോന്നും കൃത്യമായ അതിർവരമ്പുകൾ കൊണ്ട് വേർതിരിക്കപ്പെട്ടിരിക്കുന്നു. കേവല ബുദ്ധിക്കപ്പുറം വിശേഷബുദ്ധിയും അറിവിനെക്കാളുപരി തിരിച്ചറിവും നേടുമ്പോഴാണ് ഒരാൾ ഒരു യഥാർഥ മനുഷ്യനാകുന്നത്.

മനുഷ്യന്റെ ജീവിതഘടന തന്നെ രൂപപ്പെട്ടിരിക്കുന്നത് പ്രധാനമായും മൂന്ന് ഘടകങ്ങളായാണ്. വ്യക്തി, കുടുംബം, സമൂഹം എന്നീ മൂന്ന് തലങ്ങളിലധിഷ്ഠിതമാണ് അവന്റെ ജീവിത വ്യവഹാരങ്ങൾ. നല്ല വ്യക്തികൾ ചേർന്ന് നല്ല കുടുംബവും നല്ല കുടുംബങ്ങൾ ചേർന്ന് നല്ല സമൂഹവും രൂപപ്പെടുന്നു. അത് നേരെ തിരിച്ചും സംഭവിക്കാം.

**മനുഷ്യന്റെ ജീവിതഘടന തന്നെ രൂപപ്പെട്ടിരിക്കുന്നത് പ്രധാനമായും മൂന്ന് ഘടകങ്ങളായാണ്. വ്യക്തി, കുടുംബം, സമൂഹം എന്നീ മൂന്ന് തലങ്ങളിലധിഷ്ഠിതമാണ് അവന്റെ ജീവിത വ്യവഹാരങ്ങൾ. നല്ല വ്യക്തികൾ ചേർന്ന് നല്ല കുടുംബവും നല്ല കുടുംബങ്ങൾ ചേർന്ന് നല്ല സമൂഹവും രൂപപ്പെടുന്നു. അത് നേരെ തിരിച്ചും സംഭവിക്കാം.**

### സഹകരണം മനുഷ്യനിലനിൽപിന് അനിവാര്യം

മനുഷ്യൻ സാമൂഹ്യ ജീവിയാണ്. മറ്റുള്ളവരെ ആശ്രയിച്ച് മാത്രമെ അവന് ഭൂമിയിൽ നിലനിൽപ് സാധ്യമാവുകയുള്ളൂ. ഇതിൽ സമ്പന്നനെന്നോ ദരിദ്രനെന്നോ ഭരണാധികാരിയെന്നോ പ്രജകളെന്നോ ഉള്ള വ്യത്യാസങ്ങളൊന്നുമില്ല. എല്ലാവരും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പരസ്പരാശ്രയം ആവശ്യമുള്ളവരാണ്. കർഷകൻ നിലമുഴുത് വിത്തിറക്കി വെള്ളവും വളവും നൽകി വെയിലും മഴയുമേറ്റ് അധ്വാനിച്ചതിന്റെ ഫലമായാണ് നമ്മുടെ തീൻമേശകൾ വിഭവസമൃദ്ധമാകുന്നത്. തുണിമിൽ തൊഴിലാളികൾ കഠിനാധ്വാനം ചെയ്തതിന്റെ പ്രതിഫലനമാണ് നാം ധരിക്കുന്ന വസ്ത്രങ്ങൾ. നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന ഓരോ വസ്തുവിന്റെയും കാര്യം അങ്ങനെ തന്നെ. ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള ഓരോ വസ്തുവും നമ്മുടെ കയ്യിലെത്തുമ്പോഴേക്കും അനേകം ആളുകളുടെ അധ്വാനം അതിൽ അലിഞ്ഞ് ചേർന്നിരിക്കും. ഈയൊരു സഹകരണവും പരസ്പരാശ്രയവും ഒഴിവാക്കിയുള്ളൊരു ജീവിതം മനുഷ്യന് സാധ്യമല്ല തന്നെ.

“പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്...” (ക്വുർആൻ: 5:2) എന്നാണ് അല്ലാഹുവിന്റ കൽപന. ഈയൊരു കൽപന നാം ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. സാമൂഹിക ബന്ധങ്ങളിൽ മുമ്പെങ്ങുമില്ലാത്ത വിധം അസ്വാരസ്യങ്ങളും അകൽച്ചകളും ഉരുണ്ട് കൂടുന്ന വർത്തമാനകാലത്ത് ഇത്തരം വിഷയങ്ങളിലുള്ള മുസ്‌ലിമിന്റെ നിലപാട് നാം കൃത്യമായി പഠിച്ചെടുക്കേണ്ടതുണ്ട്. അതല്ലെങ്കിൽ പരസ്പരം കഴുത്തറുപ്പിക്കാൻ കത്തിക്ക് മൂർച്ച കൂട്ടി കാത്തിരിക്കുന്ന കൗശലക്കാരായ കുബുദ്ധികളുടെ കൈകളിലെ പാവകളായി നാം മാറുമെന്നതിൽ സംശയമില്ല.

### സാമൂഹ്യബന്ധങ്ങൾ: നാം ശ്രദ്ധിക്കേണ്ടത്

ചെറുതും വലുതുമായ ഏത് കാര്യത്തിലും വിശ്വാസികളുടെ മാതൃകാപുരുഷൻ പ്രവാചക(സ്വ)നാകുന്നു. കേവലം വിശ്വാസ, ആരാധനാ മേഖലകളിൽ മാത്രമല്ല അവിടുന്ന് നമുക്ക് വഴികാട്ടിത്തന്നത്. വ്യക്തി, കുടുംബം, സമൂഹം തുടങ്ങി ജീവിതത്തിന്റെ സർവ മേ ഖലകളിലും അവിടുന്ന് നമുക്ക് മാതൃകയാണ്. വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക:

“തീർച്ചയായും അല്ലാഹുവിന്റെ ദൂതരിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്. അതായത് , അല്ലാഹുവിനെയും പരലോകത്തെയും പ്രതീക്ഷിക്കുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്” (ക്വുർആൻ 33:21).

പ്രവാചകത്വലബ്ധിക്ക് മുമ്പത്തെ അവിടുത്തെ ജീവിതം പോലും ഈയൊരു കാര്യം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. വിശ്വസ്തൻ എന്ന അപരനാമം മക്കക്കാർ അദ്ദേഹത്തിന് ചാർത്തി നൽകിയത് ഇതിനേറ്റവും നല്ല ഉദാഹരണമാണ്. കഅ്ബയുടെ പുനർനിർമാണ വേളയിൽ ഹജറുൽ അസ്‌വദ് യഥാസ്ഥാനത്ത് വെക്കേണ്ട സമയത്ത് അവർക്കിടയിൽ ഉടലെടുത്ത തർക്കത്തിന്റെ പര്യവസാനം എന്തായിരുന്നുവെന്ന് പഠിച്ചവരാണ് നാം. ഗോത്രമഹിമയിൽ അഹങ്കരിച്ചിരുന്ന അറബികളിലെ ഓരോ ഗോത്രവും അതിനുള്ള അവകാശവാദമുന്നയിച്ചപ്പോൾ ഇനി ആദ്യം ഇവിടേക്ക് കടന്ന് വരുന്നയാളെ നമുക്ക് മധ്യസ്ഥനാക്കാമെന്ന നിർദേശം ഉയർന്ന് വരികയും എല്ലാവരും അത് അംഗീകരിക്കുകയും ചെയ്തു. ആദ്യം കടന്ന് വന്നതാകട്ടെ അൽഅമീനായ മുഹമ്മദും(സ്വ). അവിടുന്ന് നിർദേശിച്ച മധ്യസ്ഥ വഴി അവർ സ്വീകരിച്ച് ആ തർക്കം അവിടെ അവസാനിപ്പിച്ചതാണ് ചരിത്രം. സമൂഹത്തിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിൽ നിന്ന് ഒളിച്ചോടുകയാ എരിതീയിൽ എണ്ണയൊഴിക്കുകയോ ചെയ്യുന്നതിന് പകരം പ്രശ്നത്തിന്റെ മർമം പഠിച്ച് പരമാവധി സ്വീകാര്യമായ ഒത്തുതീർപ്പ് ഉണ്ടാക്കലാണ് ഒരു നല്ല മനുഷ്യന്റെ ലക്ഷണമെന്ന് ഈ സംഭവം

നമ്മെ പഠിപ്പിക്കുന്നു.

**നല്ല വിശ്വാസി നല്ല മനുഷ്യൻ കൂടി ആവേണ്ടതുണ്ട്**

സത്യവിശ്വാസി താൻ ജീവിക്കുന്ന സമൂഹത്തോടുള്ള ബാധ്യതകൾ നിറവേറ്റുന്നവനാകണം. കുടുംബം , അയൽവാസി, പൊതുസമൂഹം... ഇവരോടൊക്കെയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ബന്ധപ്പെടേണ്ടവനാണ് മനുഷ്യരെല്ലാവരും. അവരോടുള്ള പെരുമാറ്റം ഏറ്റവും നല്ലതും ഉൽകൃഷ്ടവുമാക്കേണ്ടതുണ്ട്. പ്രവാചകരുടെ സ്വഭാവത്തെ കുറിച്ച് അന്വേഷിച്ചയാളോട് പ്രിയപത്നി ആഇശ(റ) പറഞ്ഞ മറുപടി 'അവിടുത്തെ സ്വഭാവം ക്വുർആൻ ആയിരുന്നു' എന്നാണ്. ആ ഒരൊറ്റ മറുപടി മാത്രം മതി പ്രവാചകന്റെ വ്യക്തിത്വത്തെ അളക്കുവാൻ. ബാഹ്യമായി കാണുന്നതിലപ്പുറം രഹസ്യ ജീവിതത്തിലെ മുഴുവൻ കാര്യങ്ങളും ഏറ്റവും നന്നായി അറിയുക ഇണകൾക്കായിരിക്കും. അങ്ങനെ അറിയുന്ന ആളോട് തന്റെ ഭർത്താവിനെ കുറിച്ച് ചോദിച്ചപ്പോൾ രണ്ടാമതൊന്നാലോചിക്കുക പോലും ചെയ്യാതെ നല്ലത് മാത്രം പറഞ്ഞിട്ടുണ്ടെങ്കിൽ ആ വ്യക്തിത്വത്തിന്റെ ഔന്നത്യം തന്നെയാണ് അതിൽ പ്രകടമാകുന്നത്. കുടുംബത്തിന് വീട്ടുകാര്യങ്ങളിൽ സഹായം ചെയ്ത് കൊടുത്തും തന്റെ വ്യക്തിപരമായ ആവശ്യങ്ങൾ പരമാവധി സ്വയം ചെയ്തു കൊണ്ടുമൊക്കെ പ്രവാചകൻ(സ്വ) ആ ബന്ധത്തെ നട്ടുനനച്ചു. ഇണകളോട് നന്നായി പെരുമാറാൻ അനുയായികൾക്ക് നിർദേശം നൽകി.

അയൽവാസികളോടുള്ള കടമകളെക്കുറിച്ച് അനുയായികളെ അവിടുന്ന് നിരന്തരം ഉണർത്തിയിരുന്നുവെന്ന് ചരിത്ര ഗ്രന്ഥങ്ങൾ നമുക്ക് പറഞ്ഞ് തരുന്നു. ആഇശ(റ), ഇബ്നുഉമർ(റ) എന്നിവർ ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം:

"നബി(സ്വ) പറഞ്ഞിരിക്കുന്നു; അയൽവാസിയുടെ കാര്യത്തിൽ ജിബ്രീൽ(അ) എന്നെ ഉപദേശിച്ച് കൊണ്ടേയിരുന്നു; അനന്തര സ്വത്തിന് പോലും അയൽവാസി അവകാശിയാകുമോ എന്ന് ഞാൻ വിചാരിച്ചു പോകുമാറ്" (ബുഖാരി, മുസ്‌ലിം).



**ഇസ്‌ലാം പഠിപ്പിച്ച അയൽപക്ക ബന്ധവും നമ്മുടെ സ്വഭാവവും തമ്മിൽ അകലമാണോ അതല്ല അടുപ്പമാണോ കൂടുതലുള്ളതെന്ന് സ്വയം വിചാരണ നടത്തേണ്ട സമയം കൂടിയാണിത്. മുസ്‌ലിമായ അയൽവാസിയെ ലഭിക്കുന്നത് സൗഭാഗ്യമായി കണ്ടിരുന്ന അവസ്ഥ ഇന്ന് മാറിയിട്ടുണ്ടെങ്കിൽ ഉത്തരവാദികൾ നാം തന്നെയാണ്. അയൽവാസിയുടെ അതിരുകൾ വെട്ടിപ്പിടിച്ചും മാലിന്യങ്ങൾ അവരുടെ പറമ്പിൽ തള്ളിയും ദ്രോഹിക്കുന്നവരും കഠാരയെക്കാൾ മൂർച്ചയേറിയ നാവുകൊണ്ട് അവരെ ചീത്ത വിളിച്ചും പരിഹസിച്ചും ഹൃദയത്തിൽ മുറിവുണ്ടാക്കുന്നവർ മുസ്‌ലിം പേരുകൾ വഹിക്കുന്നവരാകുമ്പോൾ ഇത്രയും സുന്ദരമായൊരു മതത്തിന്റെ മുഖത്താണ് തങ്ങൾ ചെളി വാരിയെറിയുന്നതെന്ന് അവർ ആലോചിക്കുന്നേയില്ല.**

അയൽപക്ക ബന്ധത്തിന്റെ ആഴവും പരപ്പും ഇസ്‌ലാം അതിന് കൊടുക്കുന്ന പ്രാധാന്യവും മനസ്സിലാക്കിത്തരാൻ ഇതിലപ്പുറം എന്ത് വാക്കുകളാണ് നമുക്ക് വേണ്ടത്?

അബൂദർറ്(റ) ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: നബി(സ്വ) ഒരിക്കൽ അദ്ദേഹത്തോട് പറഞ്ഞു: 'ഓ അബൂദർറ്, താങ്കളൊരു കറിവെക്കുകയാണെങ്കിൽ അതിൽ വെള്ളം അൽപം കൂട്ടിക്കൊണ്ട് നിങ്ങളുടെ അയൽവാസിയെക്കൂടി നിങ്ങൾ പരിഗണിക്കുക" (മുസ്‌ലിം).

ഇപ്രകാരം അയൽപക്ക ബന്ധത്തിന്റെ മര്യാദ വിശദീകരിക്കുന്ന നിരവധി ഹദീഥുകൾ കാണാം.

ഒരാളുടെ ഉപദ്രവത്തിൽ നിന്നും അവന്റെ അയൽവാസി സുരക്ഷിതനാകുന്നത് വരെ അയാൾ വിശ്വാസിയാവുകയില്ല എന്ന് മറ്റൊരിക്കൽ പ്രവാചകൻ(സ്വ) ആവർത്തിച്ചു പറയുകയുണ്ടായി . ഇതൊക്കെയും അവരുടെ ജീവിതത്തിൽ അവർ പുലർത്തി

പ്പോന്നിട്ടുമുണ്ട്. അബ്ദുല്ലാഹിബ്നു മുബാറക് എന്ന താബിഈ പണ്ഡിതന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഒരു സംഭവം ഇങ്ങനെയാണ്:

"അദ്ദേഹത്തിന് ജൂതനായ ഒരു അയൽക്കാരനുണ്ടായിരുന്നു .ഒരിക്കൽ ആ ജൂതൻ തന്റെ വീട് വിൽപനക്ക് വച്ചു. കച്ചവടമുറപ്പിക്കാൻ വന്ന സംഘം അദ്ദേഹത്തോട് വില പറയാൻ ആവശ്യപ്പെട്ടു . അദ്ദേഹം പറഞ്ഞു: 'രണ്ടായിരം ദീനാർ.' 'ആയിരം ദീനാർ മാത്രമെ തങ്ങളിതിനു വില കാണുന്നുള്ളൂ' എന്ന് വാങ്ങാൻ വന്നവർ മറുപടി പറഞ്ഞു. ഉടൻ അദ്ദേഹം പറഞ്ഞു: 'ശരിയാണ്. ആയിരം ദീനാർ വീടിന്റെ വില. ഏറ്റവും നല്ലൊരു അയൽവാസിയെയാണ് ഇത് വാങ്ങുന്നതിലൂടെ നിങ്ങൾക്ക് ലഭിക്കുന്നത്. അതിന്റെ വിലയും കൂടി കൂട്ടിയാണ് ഞാൻ രണ്ടായിരം പറഞ്ഞത്."

ഇസ്‌ലാം പഠിപ്പിച്ച അയൽപക്ക ബന്ധവും നമ്മുടെ സ്വഭാവവും തമ്മിൽ അകലമാണോ അതല്ല അടുപ്പമാണോ കൂടുതലുള്ളതെന്ന് സ്വയം വിചാരണ നടത്തേണ്ട സമയം കൂടിയാണിത്. മുസ്‌ലിമായ അയൽവാസിയെ ലഭിക്കുന്നത് സൗഭാഗ്യമായി കണ്ടിരുന്ന അവസ്ഥ ഇന്ന് മാറിയിട്ടുണ്ടെങ്കിൽ ഉത്തരവാദികൾ നാം തന്നെയാണ്.

അയൽവാസിയുടെ അതിരുകൾ വെട്ടിപ്പിടിച്ചും മാലിന്യങ്ങൾ അവരുടെ പറമ്പിൽ തള്ളിയും ദ്രോഹിക്കുന്നവരും കഠാരയെക്കാൾ മൂർച്ചയേറിയ നാവുകൊണ്ട് അവരെ ചീത്ത വിളിച്ചും പരിഹസിച്ചും ഹൃദയത്തിൽ മുറിവുണ്ടാക്കുന്നവർ മുസ്‌ലിം പേരുകൾ വഹിക്കുന്നവരാകുമ്പോൾ ഇത്രയും സുന്ദരമായൊരു മതത്തിന്റെ മുഖത്താണ് തങ്ങൾ ചെളി വാരിയെറിയുന്നതെന്ന് അവർ ആലോചിക്കുന്നേയില്ല. അതാകട്ടെ മൊത്തം ഇസ്‌ലാമിനെയും മുസ്‌ലിംകളെയും തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലേക്ക് വളരുകയും ചെയ്യുന്നു. ●


peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**തിരുനബിയോടൊപ്പം**
**മാതാപിതാക്കളോട് ബന്ധം ചേർക്കുക; അവർ വിശ്വാസികൾ അല്ലെങ്കിലും**
**കെ.വി മുഹമ്മദലി**
21.08.17 തിങ്കൾ, 6:25 PM, 3:10 PM

**ചുവരെഴുത്ത്**
**നബി കുടുംബവും ഉസ്മാൻ ബിൻ അഫാൻ(റ)വും**
**അബ്ദുൽ ജബ്ബാർ മദീനി**
21.08.17 തിങ്കൾ 8:20 PM
22.08.17 ചൊവ്വ 8:20 AM, 12:20 AM

**ആരോഗ്യ വിചാരം**
**അത്യാഹിതങ്ങൾ, ഭാഗം: 7**
**മുങ്ങി മരണം**
**ഡോ. യാസിർ ചോമയിൽ, ഡോ. അബ്ദുൽ മാലിക്**
21.08.17 തിങ്കൾ 9:00 PM, 11:15 PM
22.08.17 ചൊവ്വ 10:30 AM

**ഇ.മദ്രസ**
**വഴികേടിലേക്ക് നയിക്കുന്ന നാല് കാര്യങ്ങൾ**
**ഹസൻ അൻസാരി**
22.08.17 ചൊവ്വ 7:20 AM, 06:05 PM

**കർമസരണി**
**പെരുന്നാൾ ദിനം; നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**
**ഹംസ മദീനി**
23.08.17 ബുധൻ 04:30 PM, 09:30 PM
24.08.17 വ്യാഴം 9:20 AM

**ഇൻസൈറ്റ്**
**സ്രഷ്ടാവിനെ എങ്ങനെ അറിയണം?**
**ഇഖ്ബാൽ കൊല്ലം**
24.08.17 വ്യാഴം 07:05 AM, 07:00 PM
25.08.17 വെള്ളി 02:55 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, ഭാഗം: 68**
**അലി(റ)വിനെക്കുറിച്ച് നബി(സ)യുടെ പ്രവചനം**
**അബൂബക്കർ സലഫി**
2408.17 വ്യാഴം 4:30 PM, 9:30 PM, 25.08.17 വെള്ളി 9:30 PM

**ഇൻസൈറ്റ്**
**കരുണ മിണ്ടാപ്രാണികളോടും: പ്രവാചക മാതൃക**
**മുഹമ്മദ് അജ്മൽ സി**
25.08.17 വെള്ളി 07:05 AM, 07:00 PM,
26.08.17 ശനി 02:55 PM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം, ഭാഗം: 4**
**ഫൈസൽ മൗലവി**
25.08.17 വെള്ളി 04:30 PM, 09:30 PM
26.08.17 ശനി 09:30 AM

**തജ്‌വീദ് പഠനം**
**സൂറ: ഹാഖ പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
25.08.17 വെള്ളി, 7:45 PM
26.08.17 ശനി, 5:00 PM

ഡോ. പി.കെ അബ്ദുറസാഖ് സുല്ലമി
mail@nerpatham.com

**വാസ്തുശാസ്ത്രത്തിൽ കുടികൊള്ളുന്ന, ദേവീദേവ സങ്കൽപത്തിലധിഷ്ഠിതമായ വിശ്വാസത്തെ, വാസ്തു ശാസ്ത്രവിശ്വാസിയായ മേൽക്കുളങ്ങര അജിത്കുമാർ എഴുതിയ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ഒരു പഠന വിശകലനം**

# വീട് നിർമാണവും വാസ്തു ശാസ്ത്രവും



### എന്താണ് വാസ്തു ശാസ്ത്രം?

ജാതിമത ഭേദമില്ലാതെ അനേകം ആളുകൾ വീട് നിർമിക്കുമ്പോൾ ആശാരിമാരെയോ തച്ചന്മാരെയോ ആശ്രയിക്കുന്നു. അവർ വീടിന് സ്ഥലം തീരുമാനിച്ച് കുറ്റിയടിക്കുമ്പോൾ വാസ്തു ശാസ്ത്രം എന്ന പേരിലുള്ള ചില വിശ്വാസങ്ങളുടെയടിസ്ഥാനത്തിലാണ് വീടിന്റെ മൂലയും ജനലും വാതിലും റൂമുകളുമെല്ലാം നിർണയിക്കുന്നത്. ഇത് ശാസ്ത്രമാണ് എന്ന ധാരണയിൽ ചിലരും ഇതനുസരിച്ചില്ലെങ്കിൽ ജീവിതം അപകടകരമാകുമെന്ന് തെറ്റുധരിച്ച് അനേകം പേരും പിന്തുടരുന്നു. പക്ഷേ, ഇതിന്റെ പിന്നിൽ ബിംബാരാധനയും ദേവീദേവന്മാരെകുടിയിരുത്തലുമാണ് സംഭവിക്കുന്നത് എന്ന് സമൂഹത്തിൽ മഹാഭൂരിപക്ഷം പേരും അറിയുന്നില്ല. ഇത് ഒരു അന്ധവിശ്വാസമാണ് എന്ന് മാത്രമാണ് ചിലരുടെ ധാരണ.

വാസ്തുശാസ്ത്രത്തിൽ കുടികൊള്ളുന്ന, ദേവീദേവ സങ്കൽപത്തിലധിഷ്ഠിതമായ വിശ്വാസത്തെ, വാസ്തു ശാസ്ത്രവിശ്വാസിയായ മേൽക്കുളങ്ങര അജിത്കുമാർ എഴുതിയ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ഒരു പഠന വിശകലനമാണ് ഈ ലേഖനത്തിലൂടെ നടത്തുന്നത്.

### വാസ്തുശാസ്ത്രവും ബഹുദൈവസങ്കൽപവും

മേൽക്കുളരങ്ങര അജിത്കുമാർ എഴുതി തിരുവനന്തപുരം യൂനിവേഴ്സൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'വാസ്തു ശാസ്ത്രം' എന്ന പുസ്തകത്തിൽ 49,50 പേജുകളിൽ പറയുന്നു: "വാസ്തു ജന്മംകൊണ്ട് അസുരനാണ്. മ




റ്റ് അസുരന്മാരെ പോലെ വാസ്തുവും ബ്രഹ്മാവിനെ തപസ്സ് ചെയ്ത് നിരവധി വരങ്ങൾ തേടി. വരബലത്താൽ ശക്തനായിത്തീർന്ന വാസ്തു ദേവന്മാർക്കെതിരെ തിരിഞ്ഞു. കായബലം കൊണ്ട് ദേവേന്ദ്രൻ ഉൾപ്പെടെയുള്ള ദേവതകളെ വാസ്തു നിരന്തരം ഉപദ്രവിച്ചുകൊണ്ടിരുന്നു.

അവന്റെ പരാക്രമത്തിൽ പൊറുതിമുട്ടിയ ദേവന്മാർ ഗത്യന്തരമില്ലാതെ ബ്രഹ്മാവിനെത്തന്നെ ശരണം പ്രാപിച്ചു. അജയ്യനായ വാസ്തുവിനെ നശിപ്പിക്കാൻ ബ്രഹ്മാവ് ദേവന്മാർക്ക് ഒരുതന്ത്രം ഉപദേശിച്ചു. വാസ്തുവുമായി യുദ്ധം ചെയ്യുക. ഏറ്റുമുട്ടലിന്നിടയിൽ വാസ്തുവിനെ ഭൂമിയിലേക്ക് തള്ളിയിടുക. അവിടെ കിടന്ന് പരാക്രമം കാട്ടുന്നതിനിടെ അവന്റെ കാല് നിരൃതി കോണിലും തല ഈശാന കോണിലും വരുന്ന സന്ദർഭത്തിൽ ദേവന്മാർ വാസ്തുവിന്റെ ഓരോ അവയവങ്ങളിൽ കയറിയിരിക്കുക. അതോടെ അവന്റെ കഥ കഴിയും.

അങ്ങനെയിരിക്കെ ഒരിക്കൽ വാസ്തുപുരുഷനുമായി യുദ്ധം നടക്കുന്നതിന്നിടയിൽ ദേവന്മാർ അവനെ ഭൂമിയിലേക്ക് തള്ളിയിട്ടു. ഭൂമിയിൽ പതിച്ച വാസ്തു അവിടെക്കിടന്ന് പരാക്രമങ്ങൾ കാട്ടാൻ തുടങ്ങി.

ഭൂമിയിൽ കിടന്ന് പരാക്രമം കാട്ടുന്നതിന്നിടെ ഒരിക്കൽ വാസ്തു മലർന്ന് വീണു. തല ഈശാന കോണിലും കാല് നിരൃതി കോണിലുമായി. ദേവന്മാർ അവന്റെ മുകളിലേക്ക് ചാടി വീണു. ഓരോ അവയവങ്ങളിലായി ഇരിപ്പുറപ്പിച്ചു. അതോടെ വാസ്തുവിന്റെ ഗർവ്വ് അടങ്ങി. ഈശാന നിരൃതി കോണിലായി അനങ്ങാതെ മലർന്ന് കിടപ്പായി.”

വാസ്തു പുരുഷന്റെ കാല് ഒഴിച്ചുള്ള അവയവങ്ങളിൽ 17 ദേവന്മാർ സ്ഥിതിചെയ്യുന്നു. പാദങ്ങളിൽ 32 ദേവതകളും അകത്തെ പാദങ്ങളിൽ 12 ദേവന്മാരും അവന്റെ പുറനിരയിൽ 9 ദേവന്മാരുമാണ് കുടികൊള്ളുന്നത്. മൊത്തം 53 ദേവീദേവന്മാരാണ് വാസ്തുവിൽ ഉൾക്കൊള്ളുന്നത്. ഇതൊക്കെയാണ് വാസ്തു പുരുഷൻ എങ്കിലും നാം വീട് പണിയുന്നത് ഈ ദേവീദേവന്മാരുടെയൊന്നും മുകളിലല്ലല്ലോ എന്ന് ചിലർ ന്യായീകരിച്ചേക്കാം. എന്നാൽ മേൽപറഞ്ഞ വാസ്തുശാസ്ത്ര പുസ്തകത്തിന്റെ 53-ാം പേജിൽ പറയുന്നത് നോക്കൂ: “വാസ്തുവിൽ നിറഞ്ഞ് കിടക്കുന്ന ഈ വാസ്തുപുരുഷനും അദ്ദേഹത്തെ നിയന്ത്രിച്ച് കിടത്തിയിരിക്കുന്ന ദേവതകൾക്കും മുകളിലാണ് നാം ഭവനം പണിയുന്നത്.”

കുറ്റിയടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചടങ്ങുകൾ കാണുക: “വീടിന് സ്ഥാനം നിർണയിക്കുമ്പോൾ ചരട് പൊട്ടിയാൽ മൃത്യു വൈകാതെ സംഭവിക്കാം. സ്ഥാനക്കുറ്റിയുടെ ചുവട് ഭാഗം കിഴക്കിലേക്കോ ഈശ്വര കോണിലേക്കോ വടക്ക് ദിക്കിലേക്കോ ആയിക്കണ്ടാൽ മഹാരോഗം ഉണ്ടാകുമെന്ന് പറയാം. വീട് പണിയിക്കുന്ന വ്യക്തിയെ സ്ഥാനനിർണയ സമയത്തോ അതിന് മുമ്പോ ദുഃഖിതനായി കണ്ടാൽ മരണഫലമാണ് വിധി.”

കുറ്റിയുടെ ചരിവും ചരടിന്റെ ഉറപ്പ് കുറവും മരണത്തിനും മഹാരോഗത്തിനും കാരണമാകുമത്രെ!

മനുഷ്യരെ ഭയപ്പെടുത്താനും അനാവശ്യ ടെൻഷനും കാരണമാക്കുന്ന ഈ നിയമങ്ങൾ ദൈവനിർമിതമായവയല്ല എന്ന് ആർക്കും ഗ്രഹിക്കാവുന്നതാണ്. ചരടും മരണവും കുറ്റിയുടെ ചരിവും മഹാരോഗവും തമ്മിലെന്ത് ബന്ധം?

## ഗൃഹപ്രവേശനവും പാൽകാച്ചലും

ഇതേ പുസ്തകം 195-196 പേജുകളിൽ പറയുന്നു: “ഗണപതി ഹോമം ചെയ്ത് ആ രീതിയിൽ തന്നെപാൽകാച്ചി നല്ലവണ്ണം പതഞ്ഞ് പാത്രത്തിന്റെ മീതെ കവിഞ്ഞു വീണാൽ ഉണക്കലരി കഴുകിയിട്ട് പായസംവെച്ച് വിഷ്ണുവിനെയും ദേവിയെയും ഭൂമിയെയും പൂജിക്കണം. തിളപ്പിച്ച പാൽ അതിഥികൾക്ക് നൽകണം.”

വിഷ്ണുവിന്റെ അനുഗ്രഹം വീട്ടിൽ ഉണ്ടാവാനാണ് പാൽ കാച്ചി ഗൃഹപ്രവേശനം നടത്തുന്നത് എന്നർഥം!

**വാസ്തുശാസ്ത്ര പ്രകാരം ദിക്കുകൾക്ക് പ്രാധാന്യം നൽകി വീട് നിർമിക്കുന്നവർ ഏതെല്ലാം ദേവന്മാരെയാണ് പ്രസാദിക്കുന്നത് എന്നറിയാമോ? കിഴക്കിന്റെ ദേവൻ ഇന്ദ്രൻ, തെക്ക് കിഴക്ക് അഗ്നി, തെക്ക് യമൻ, തെക്ക് പടിഞ്ഞാറ് നൃരതി, പടിഞ്ഞാറ് വരുന്നൻ, വടക്ക് പടിഞ്ഞാറ് വായു, വടക്ക് കുബേരൻ, വടക്ക് കിഴക്ക് ഈശാന കോൺ അഗ്നി ദേവന് രണ്ട് തലകളും മൂന്ന് കാലുകളും നാല്ചെവികളും രണ്ട് കൈകളും ഏഴ് നാക്കുകളും ഉണ്ട്. അതിനാൽ തെക്ക് കിഴക്കിൽ അടുക്കളക്ക് ഉത്തമമാണത്രെ! തെക്ക് ഭാഗത്ത് കിണറും ടാങ്കും പാടില്ലപോലും!**

### കന്നിമൂല എന്താണ്?

വാസ്തു ശാസ്ത്രത്തിൽ തെക്ക് പടിഞ്ഞാറ് ദിക്ക് അല്ലെങ്കിൽ കന്നിമൂല വളരെ പ്രാധാനപ്പെട്ടതാണ്. നിരൃതിയാണ് ഈ ദിക്കിന്റെ ദേവൻ. ഏഴ് ദിക്കുകൾക്കും അധിപന്മാർ ദേവന്മാരായിരിക്കുമ്പോൾ ഈ ദിക്കിൽ മാത്രമാണ് നിരൃതി എന്ന രാക്ഷസൻ അധിപനായിട്ടുള്ളത്. നിരൃതിരാക്ഷസൻ പ്രകോപിയായതിനാൽ അദ്ദേഹം താമസക്കാർക്ക് ഗുണമായാലും ദോഷമായാലും കടുത്ത ഫലങ്ങൾ നൽകും. ജീവജാലങ്ങളുടെ രക്തം കുടിക്കുന്ന അദ്ദേഹം പച്ചമാംസം തിന്നുകയുംചെയ്യും.(പേജ്:76)

കന്നിമൂലയിൽ ടോയ്‌ലറ്റ് നിർമിക്കാതിരിക്കുന്നത് ഈ രാക്ഷസദേവനെ പ്രസാദിക്കാനാണ് എന്നർഥം.

### വാസ്തുവിദ്യയും ചാതുർവർണ്യവും

ബ്രാഹ്മണ മേധാവിത്വം നിലനിർത്താൻ വാസ്തുശാസ്ത്രക്കാരനും പ്രത്യേകം നിയമനിർമാണം നടത്തിയിരിക്കുന്നു. ശൂദ്രൻ എവിടെയും താഴ്ന്നവനും ബ്രാഹ്മണൻ എപ്പോഴും ഉത്തമനും കൂടുതൽ സുഖസൗകര്യം അനുഭവിക്കേണ്ടവനുമാണെന്ന് പറയുന്ന വാസ്തുവിദ്യാ നിയമം നോക്കൂ; "ബ്രാഹ്മണന് ഉത്തമാദിയായ 5 പ്രകാരം ഗ്രഹങ്ങളും ക്ഷത്രിയന് മധ്യമോത്തമാദിയായ 4 പ്രകാരം ഗ്രഹങ്ങളും വൈശ്യന് മധ്യവാദിയായ 3 പ്രകാരം ഗ്രഹങ്ങളും ശുദ്രന് അധമാദിയായ 2 പ്രകാരം ഗ്രഹങ്ങളും അന്ത്യജന് അധമാധമായ ഒരു പ്രകാരം ഗ്രഹവും വിധിക്കപ്പെട്ടിരിക്കുന്നു"(വാസ്തുശാസ്ത്രം, പേജ്:110).

### ഓരോന്നിന്റെയും അളവ് എത്ര?

ബ്രാഹ്മണന്റെ വീടിന്റെ അളവ് 35.1/5 കോൽ, ക്ഷത്രിയന് 31.12 കോൽ, വൈശ്യന് 28 കോൽ, ശുദ്രന് 25 കോൽ, അന്യജന് 21 കോൽ- ഇങ്ങനെയായിരിക്കണം വീടിന്റെ അളവ് എന്ന് അതേ പുസ്തകത്തിൽ അതേ പേജിൽ പറയുന്നു. ശൂദ്രനായ രാഷ്ട്രപതി കെ. ആർ നാരായണൻ താമസിച്ചിരുന്ന രാഷ്ട്രപതിഭവൻ 21 കോലിനെക്കാൾ കുടുതൽ വലുപ്പമുണ്ടായിരുന്നത് കൊണ്ട് അദ്ദേഹത്തിന് എന്ത് നാശമാണാവോ സംഭവിച്ചത്? അദ്ദേഹം മരണപ്പെട്ടത് വാസ്തുദോഷം കൊണ്ടാണ് എന്ന് വാസ്തുവിന്റെ വക്താക്കൾ പറയുന്നത് കേട്ടിട്ടില്ല.

സൗരയൂഥത്തിലെ ഗ്രഹങ്ങളെയും ജാതികളാക്കി വേർത്തിരിച്ചിരിക്കുന്നു: "വ്യാഴം ബ്രാഹ്മണ ജാതിയും ബുധൻ വൈശ്യ ജാതിയും ചോവ്വ ക്ഷത്രിയ ജാതിയും ശനി ശൂദ്ര ജാതിയുമാണ്" (പേജ്:84, 85).

### യുറാനസും നെപ്ട്യൂണും ജാതിരഹിതരോ?

ഗ്രഹങ്ങളെ കണ്ടെത്താൻ ടെലസ്‌കോപ്പ് ഇല്ലാത്തതിനാൽ അക്കാലത്ത് നഗ്ന നേത്രങ്ങൾ കൊണ്ട് കണ്ടെത്തിയ ഗ്രഹങ്ങളെ മാത്രം പരിഗണിച്ചുകൊണ്ടാണ് വാസ്തുശാസ്ത്രത്തിന് രൂപം നൽകിയത്. ഇതും അതിന്റെ അശാസ്ത്രീയതയിൽ പെടുന്നു. സ്വാർഥതാൽപര്യങ്ങൾക്ക് വേണ്ടി മനുഷ്യൻ എഴുതിയുണ്ടാക്കിയ ഇത്തരം വ്യാജശാസ്ത്രങ്ങൾ മനുഷ്യർക്ക് ഉണ്ടാക്കിത്തീർക്കുന്ന വിഷമങ്ങൾ കുറച്ചൊന്നുമല്ല.

മനുഷ്യർ സ്വയം കെട്ടിവരിയുന്ന ഭാരങ്ങളും ചങ്ങലകളും അഴിച്ച് മനുഷ്യർക്ക് ആശ്വാസം നൽകുന്ന പ്രവർത്തനമാണ് മുഹമ്മദ് നബി(സ്വ) ചെയ്തത്; ജീവിതം ദുസ്സഹമാക്കുന്നതല്ല. അല്ലാഹു പറയുന്നു.

"(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അ

വരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ" (ക്വുർആൻ 7:157).

നിങ്ങളുടെ പ്രവാചകൻ എന്തിലേക്കാണ് ക്ഷണിക്കുന്നത് എന്ന ചോദ്യത്തിന് പ്രവാചകന്റെ പ്രതിനിധി റുസ്തം ചക്രവർത്തിയുടെ മുമ്പിൽ പറഞ്ഞ മറുപടി നോക്കൂ: "സൃഷ്ടിപൂജയിൽ നിന്ന് സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്ന മാർഗത്തിലേക്ക്, ഭൗതിക ലോകത്തിന്റെ ഇടുക്കങ്ങളിൽ നിന്ന് ഭൗതിക-പാരത്രിക ലോകങ്ങളുടെ വിശാലതയിലേക്ക്..."

സ്ഥലത്തിന്റെ ലക്ഷണം കണ്ടെത്താനുള്ള ഒരു പരീക്ഷണം വാസ്തു ശാസ്ത്രത്തിൽ പറയുന്നു: "സ്ഥലത്തിന്റെ മധ്യഭാഗത്ത് ഒരു കോൽ ചതുരവും അത്രതന്നെ താഴ്ചയുമുള്ള ഒരു കുഴിയുണ്ടാക്കി അതിൽ മൺകുടത്തിൽ നെല്ല് നിറച്ച് നെയ്യൊഴിച്ച്, വെളുപ്പ്, ചുവപ്പ്, മഞ്ഞ, കറുപ്പ് നിറങ്ങളുള്ള തിരികൾ നാല് ഭാഗത്തേക്കും തിരിച്ചുവെച്ച് തീ കൊളുത്തുക. പിന്നീട് കുഴി അടച്ച്വെക്കുക. പിന്നീട് രണ്ട് നാഴിക കഴിഞ്ഞ് തുറന്ന് നോക്കുമ്പോൾ വെള്ളത്തിരി കത്തുന്നുവെങ്കിൽ ആ സ്ഥലം ബ്രാഹ്മണർക്കും ചുവപ്പാണെങ്കിൽ ക്ഷത്രിയർക്കും മഞ്ഞയാണെങ്കിൽ വൈശ്യർക്കും കറുപ്പാണെങ്കിൽ ശൂദ്രർക്കുമാണ് വിധിച്ചിട്ടുള്ളത്; നാലും കത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ നാല് ജാതിക്കാർക്കും. ഒന്നും കത്തുന്നില്ലെങ്കിൽ ആർക്കും ഉപയോഗിക്കാൻ കൊള്ളില്ല."

ഒരു ജാതിക്കാരന്റെ സ്ഥലത്ത് മറ്റൊരു ജാതിക്കാരന്റെ തിരിയാണ് കത്തുന്നതെങ്കിൽ അത് അവന് വിട്ടുകൊടുക്കുമോ? ആർക്കും ഒരു സ്ഥലത്തും വീടുണ്ടാക്കാൻ ഈ പരീക്ഷണം മുഖേന കഴിയില്ല. കാരണം കുഴി അടച്ചുവെച്ചാൽ പുക നിറയുകയും ഓക്സിജൻ കിട്ടാതിരിക്കുകയും ചെയ്യുമ്പോൾ എല്ലാ തിരിയും കെട്ടുപോകും. ഏതായാലും തിരക്കുപിടിച്ച നഗരങ്ങളിലും മറ്റും അഞ്ചോ പത്തോ സെന്റ് സ്ഥലം വാങ്ങുന്നവർ ഈ ലക്ഷണങ്ങളെല്ലാം നോക്കിയാൽ അവന് സ്ഥലം വാങ്ങാൻ ഒരിക്കലും കഴിയില്ല.

പ്രസ്തുത പുസ്തകത്തിൽ വീണ്ടും പറയുന്നു: "നെയ്യിന്റെ ഗന്ധവും മധുരസവുമുള്ള മണ്ണ് ബ്രാഹ്മണർക്കും രക്തത്തിന്റെ ഗന്ധവും കാഷായരസവുമുള്ള ഭൂമി ക്ഷത്രിയർക്കും അന്നത്തിന്റെ മണവും കയ്പ്പും രുചിയും മഞ്ഞനിറവുമുള്ള മണ്ണ് വൈശ്യർക്കും, കറുത്ത നിറവും മദ്യത്തിന്റെ മണവുമുള്ള മണ്ണ് ശൂദ്രർക്കും ഭവനനിർമാണത്തിന് വിധിക്കപ്പെട്ടത്."

**അപ്രായോഗികം.**


ടൗൺ പ്ലാനിംഗിന്റെ ഭാഗമായി ഫ്‌ളാറ്റുകളും ഒരേ വലുപ്പത്തിലും ഒരേ ദിക്കിലേക്ക് തിരിഞ്ഞും വരിവരിയായി ഭംഗിയുള്ള വീടുകൾ നിർമിക്കുമ്പോൾ മണ്ണിന്റെ ഗന്ധവും രുചിയും നോക്കി ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര വിഭാഗങ്ങൾക്കനുസരിച്ചുള്ള വ്യത്യസ്ത ആകൃതിയിലുമാക്കാൻ എങ്ങനെ കഴിയും?

ഇതെല്ലാം ബ്രാഹ്മണ മേധാവിത്വത്തിനായി ഉണ്ടാക്കിയ നിയമമാണെന്നും ദൈവനിർമിതമല്ലെന്നും മനസ്സിലാക്കാൻ ഏത് സാധാരണക്കാർക്കും കഴിയും.

**ദിക്കുകളുടെ പ്രാധാന്യം**

വാസ്തുശാസ്ത്ര പ്രകാരം ദിക്കുകൾക്ക് പ്രാധാന്യം നൽകി വീട് നിർമിക്കുന്നവർ ഏതെല്ലാം ദേവന്മാരെയാണ് പ്രസാദിക്കുന്നത് എന്നറിയാമോ? കിഴക്കിന്റെ ദേവൻ ഇന്ദ്രൻ, തെക്ക് കിഴക്ക് അഗ്നി, തെക്ക് യമൻ, തെക്ക് പടിഞ്ഞാറ് നൃരതി, പടിഞ്ഞാറ് വരുന്നൻ, വടക്ക് പടിഞ്ഞാറ് വായു, വടക്ക് കുബേരൻ, വടക്ക് കിഴക്ക് ഈശാന കോൺ അഗ്നി ദേവന് രണ്ട് തലകളും മൂന്ന് കാലുകളും നാല്ചെവികളും രണ്ട് കൈകളും ഏഴ് നാക്കുകളും ഉണ്ട്. അതിനാൽ തെക്ക് കിഴക്കിൽ അടുക്കളക്ക് ഉത്തമമാണത്രെ! തെക്ക് ഭാഗത്ത് കിണറും ടാങ്കും പാടില്ലപോലും!

വീടിന്റെ പാകപ്പിഴവുകൾ മാന്ത്രിക, താന്ത്രിക കർമങ്ങളിലൂടെ പരിഹരിക്കാൻ കഴിയുമത്രെ! ഇതും ബ്രാഹ്മണന് മറ്റു ജാതിക്കാരെ ചൂഷണം ചെ



**വീടുണ്ടാക്കിയ ശേഷം വാസ്തു നിയമത്തിന് വിരുദ്ധമാണ് എന്നറിയുമ്പോൾ അടുക്കളയും കക്കൂസുമൊക്കെ പൊളിച്ച് മാറ്റിപ്പണിയുകയും വെള്ളമുള്ള കിണർപോലും സ്ഥാനം ശരിയല്ലെന്ന ഉപദേശം കേട്ട് മണ്ണിട്ടുമൂടി വെള്ളം കിട്ടാതെ കഷ്ടപ്പെടുന്നവരും ധാരാളമുണ്ട്. ഇഹലോകത്തും പരലോകത്തും മഹാ നഷ്ടം വരുത്തുന്ന ഈ വിശ്വാസത്തിന് ഒരു തെളിവുമില്ലെന്നും ഇത് മാനവവിശരുദ്ധവും മതവിരുദ്ധവും ശാസ്ത്രവിരുദ്ധവുമാണ് എന്ന് വിശ്വാസികൾ മനസ്സിലാക്കണം.**

യ്യാനുള്ള ഒരുമാർഗമാണ്. കാരണം താന്ത്രിക കർമങ്ങളും ബ്രാഹ്മണരുടെ കുത്തകയാണ്.

ഇസ്‌ലാമിൽ ജാതീയതയും വർണ വിവേചനവുമില്ല. അല്ലാഹു വിശുദ്ധ ക്വുർആനിൽ പറയുന്നു:

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (49:13).

ഈ സൂക്തത്തിന്റെ വ്യാഖ്യാനമായി മുഹമ്മദ് നബി(സ്വ) പറയുന്നു: "ഒരു അറബിക്കും അനറബിയേക്കാൾ ഒരു മേന്മയുമില്ല; ഭക്തികൊണ്ടല്ലാതെ. ഒരു വെളുത്തവനും കറുത്തവനെക്കാൾ ഒരു മേന്മയുമില്ല; ഭക്തികൊണ്ടല്ലാതെ. നിങ്ങളെല്ലാം ആദമിൽ നിന്നുള്ളവരാണ്; ആദം മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ടവനാണ്."

മക്ക മുസ്‌ലിംകൾക്ക് തിരിച്ചു കിട്ടിയ വിജയദിനത്തിൽ കഅ്ബക്ക് മുകളിൽ കയറി ബാങ്ക്‌വിളിക്കാൻ മുഹമ്മദ് നബി(സ്വ) കൽപിച്ചത് വിദേശിയും നീഗ്രോയും ഒരിക്കൽ അടിമയുമായിരുന്ന ബിലാൽ(റ)വിനോടായിരുന്നു. അതിനു പുറമെ മദീനയിലെ മസ്ജിദുന്നബവിയിലും ജറുസലേമിലെ മസ്ജിദുൽ അക്വ്‌സയിലും ബാങ്ക് വിളിക്കാൻ അവസരം ലഭിച്ച ഏക സ്വഹാബിയാണ് ബിലാൽ(റ). നിറത്തിന്റെയും ദേശത്തിന്റെയുമൊന്നും പേരിൽ ഇസ്‌ലാം മനുഷ്യനെ വിഭജിക്കുകയോ ചിലരെ അധമരായി കാണുകയോ ചെയ്യുന്നില്ലെന്നർഥം.

വീട് നിർമിക്കുമ്പോൾ വെളിച്ചം, കാറ്റ്, റോഡിലേക്ക് ഇറങ്ങാനുള്ള സൗകര്യം, ക്വിബ്‌ലയിലേക്ക് തിരിഞ്ഞ് നമസ്‌കരിക്കാനുള്ള സൗകര്യം, കിണർ കുഴിക്കുമ്പോൾ ഉറവുള്ള സ്ഥലമായിരിക്കൽ തുടങ്ങിയവ മാത്രമെ നോക്കേണ്ടതുള്ളൂ.

വീടുണ്ടാക്കിയ ശേഷം വാസ്തു നിയമത്തിന് വിരുദ്ധമാണ് എന്നറിയുമ്പോൾ അടുക്കളയും കക്കൂസുമൊക്കെ പൊളിച്ച് മാറ്റിപ്പണിയുകയും വെള്ളമുള്ള കിണർപോലും സ്ഥാനം ശരിയല്ലെന്ന ഉപദേശം കേട്ട് മണ്ണിട്ടുമൂടി വെള്ളം കിട്ടാതെ കഷ്ടപ്പെടുന്നവരും ധാരാളമുണ്ട്. ഇഹലോകത്തും പരലോകത്തും മഹാ നഷ്ടം വരുത്തുന്ന ഈ വിശ്വാസത്തിന് ഒരു തെളിവുമില്ലെന്നും ഇത് മാനവവിരുദ്ധവും മതവിരുദ്ധവും ശാസ്ത്രവിരുദ്ധവുമാണ് എന്ന് വിശ്വാസികൾ മനസ്സിലാക്കണം. ഇതിൽ വിശ്വസിക്കുന്നവർ നിർദേശങ്ങൾ പാലിച്ചില്ലെങ്കിൽ അപകടവും നഷ്ടവും സംഭവിക്കുമെന്നും അല്ലാത്തവർക്ക് കുഴപ്പമുണ്ടാകില്ലെന്നുമാണ് ഇതിന്റെ അനുയായികൾ പറയുന്നത്. വിശ്വസിക്കാതിരുന്നാൽ ഒരു കുഴപ്പവുമില്ലെങ്കിൽ അതിൽ വിശ്വസിക്കാതിരിക്കുന്നതല്ലേ നല്ലത്? വിശ്വസിച്ച് ഭാരം തലയിലേറ്റണോ?

ദേവീദേവ, ബഹുദൈവ വിശ്വാസത്തിലധിഷ്ഠിതമായതിനാൽ ഏകദൈവ വിശ്വാസികൾക്ക് ഒരിക്കലും ഇതിൽ വിശ്വസിക്കാൻ അനുവാദമില്ല. ഒരു വിശ്വാസിയുടെ നിലപാട് എന്തായിരിക്കണമെന്ന് പ്രപഞ്ച സ്രഷ്ടാവ് പറയുന്നു:

"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: അല്ലാഹു എന്ന്. നീ പറയുക: എങ്കിൽ അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ചുവെക്കാനാകുമോ? പറയുക: എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്" (39:38).

അബൂഹുറയ്‌റ(റ)വിൽനിന്ന് നിവേദനം. നബി(സ്വ) പറഞ്ഞു: "എന്റെ സമുദായത്തിലെ ചില ഗോത്രങ്ങൾ ബഹുദൈവാരാധകരോട് ചേരുന്നത്‌വരെയും, അവർ വിഗ്രഹങ്ങളെ ആരാധിക്കുന്നത്‌വരെയും അന്ത്യനാൾ സംഭവിക്കുകയില്ല" (തിർമിദി). ●

മുഹമ്മദലി ചെർപ്പുളശ്ശേരി
mail@nerpatham.com

ലേഖനം

# മാതാവിന്റെ അസ്ഥികൂടം മകന് കതക് തുറന്നു കൊടുക്കുമോ?

'അമ്മയെ കാണാനെത്തിയ മകൻ കണ്ടത് അമ്മയുടെ അസ്ഥികൂടങ്ങൾ' എന്ന തലക്കെട്ടിൽ ഏതാനും ദിവസങ്ങൾക്കു മുമ്പ് പത്രങ്ങളിൽ വന്ന വാർത്ത മനസ്സാക്ഷിയുള്ളവരെ ഞെട്ടിക്കുന്നതായിരുന്നു.

അമേരിക്കയിലെ പ്രമുഖ ഐ.ടി.കമ്പനിയിൽ ഉദ്യോഗസ്ഥനായ മകൻ റിതുരാജ് സഹാനിക്കാണ് ഈ ദാരുണമായ കാഴ്ച കാണേണ്ടിവന്നത്. നാലുവർഷം മുമ്പ് അച്ഛൻ മരിച്ചതിനുശേഷം അമ്മ മുംബൈയിൽ ഒറ്റക്കായിരുന്നു താമസം. ഇരുപത് വർഷമായി ഭാര്യയോടൊപ്പം അമേരിക്കയിലാണ് ഈ മകന്റെ താമസം. ജോലിത്തിരക്കുകൾക്കിടയിൽ അടുത്ത കാലത്തൊന്നും തന്റെ അമ്മയെ വിളിക്കാൻ കഴിഞ്ഞില്ലത്രെ! അവസാനമായി വിളിച്ചത് 2016 ഏപ്രിൽ മാസത്തിൽ. അതായത് അമ്മയെ അവസാനമായി വിളിച്ചിട്ട് ഒരു വർഷവും ആറ് മാസവുമായെന്ന്!

നീണ്ട ഇടവേളക്കു ശേഷം അമ്മയെ കാണാനെത്തിയ മകൻ വാതിൽ തട്ടി വിളിച്ചിട്ടും തുറക്കാതായപ്പോൾ പൂട്ട് പൊളിച്ചു അകത്ത് കടന്നപ്പോൾ കണ്ടത് അമ്മയുടെ അസ്ഥികൂടം!

പത്തു മാസം ഗർഭം ചുമന്ന്, നൊന്തു പ്രസവിച്ച് തന്നെ താനാക്കി മാറ്റി, ഉന്നത ബിരുദം നേടി അമേരിക്കയിൽ സ്വന്തമായി ഒരു ജോലി തരപ്പെടുത്തുന്നവിധത്തിലേക്ക് വളർത്തിക്കൊണ്ടുവന്ന അമ്മയെ ജോലിത്തിരക്കിനിടയിൽ ടെലഫോൺ ചെയ്യാൻ പോലും സമയം കിട്ടിയില്ലത്രെ.

കഴിഞ്ഞ വർഷം പത്രങ്ങളിൽ വന്ന മറ്റൊരു വാർത്ത ഇതിനോട് ചേർത്ത് വായിക്കുക: ഏക മകനും മരുമകളും ചേർന്ന് വൃദ്ധയായ അമ്മയെ പട്ടിക്കൂടിനോട് ചേർന്ന് കിടക്കുന്ന മുറിയിൽ പാർപ്പിച്ചു. അടുത്ത വീട്ടിൽ പിരിവിന് വന്ന ആളുകൾ മുറിയിൽ നിന്ന് ഞരങ്ങലും മൂളലും കേട്ട് ചെന്നു നോക്കിയപ്പോഴാണ് കാര്യം അറിഞ്ഞത്. അമ്മയുടെ കാൽ വീണ് ഒടിഞ്ഞിരുന്നു. കിടന്ന കിടപ്പിൽ



തന്നെ മലമൂത്ര വിസർജനം നടത്തുന്നു...

എട്ട് മക്കളെ പെറ്റ ഒരു മാതാവും അവരുടെ പിതാവും വയസ്സുകാലത്ത് നോക്കുവാൻ ആളില്ലാതെ പീടികത്തിണ്ണയിൽ കഴിയുന്നു! കേസായി. പൊലീസ് ഇടപെട്ടു. കോടതി എട്ട് മക്കളെയും വിളിച്ചുവരുത്തി. മാതാപിതാക്കളുടെ സംരക്ഷണമേറ്റെടുക്കാൻ കൽപിച്ചു. ആരാണ് നോക്കുക എന്നതിൽ തർക്കമായി. അവസാനം ഒരു മകൻ നോക്കാൻ തീരുമാനിച്ചു. പക്ഷേ, ആ മകന് അവരെ നോക്കാൻ മറ്റുള്ളവർ കാശ് നൽകണം....!

അടുത്തകാലത്ത് പത്രങ്ങളിൽ ഇത്തരത്തിലുള്ള ധാരാളം വാർത്തകൾ വന്നിട്ടുണ്ട്. ഭാവനയല്ല; പച്ചയായ യാഥാർഥ്യങ്ങൾ. പത്രക്കാരുടെ ശ്രദ്ധയിൽ പെടാത്ത എത്രയെത്ര സംഭവങ്ങൾ ഉണ്ടാകും!

ഗർഭം ചുമന്ന് നൊന്തുപ്രസവിച്ച മാതാവ്... രാപകൽ ഭേദമില്ലാതെ മക്കൾക്കുവേണ്ടി അധ്വാനിച്ച പിതാവ്... അവർ ഇന്ന് തെരുവിലേക്ക് പാഴ്വസ്തുപോലെ വലിച്ചെറിയപ്പെടുന്നു. അങ്ങ് അമേരിക്കയിലോ യൂറോപ്പിലോ അല്ല, നമ്മുടെ കേരളത്തിൽ തന്നെ!

ധാർമികബോധമില്ലാത്ത ഒരു സമൂഹം ഇവിടെ വളർന്ന് വരുന്നു എന്നത് നമ്മെ ചിന്തിപ്പിക്കേണ്ട

താണ്. ബന്ധങ്ങളെ ബന്ധനങ്ങളായി കാണുന്നവർ! സമ്പത്തിനപ്പുറം ബന്ധമില്ലെന്നു കരുതുന്നവർ...! ആർത്തിയോടെ സമ്പത്തിനു പുറകെ പായുന്നവർ...! ഇവർക്കെങ്ങനെ വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കാനും അവർക്ക് സ്നേഹവും കാരുണ്യവും പകർന്നുകൊടുക്കാനും കഴിയും?

സത്യവിശ്വാസികൾക്കിടയിൽ ഇങ്ങനെയുള്ളവരുണ്ടാകാവതല്ല. കാരണം കടുത്ത അപരാധമായിട്ടാണ് ഇസ്‌ലാം മാതാപിതാക്കളോടുള്ള കടമകൾ നിർവഹിക്കാത്തതിനെ കാണുന്നത്. മാതാപിതാക്കൾക്കു നന്മ ചെയ്യണമെന്നു മാത്രമല്ല, അവരോടുള്ള സംസാരവും പെരുമാറ്റവുമെല്ലാം മാന്യമായ നിലയ്ക്കായിരിക്കണമെന്നും ഇസ്‌ലാം നിഷ്കർഷിക്കുന്നു. വിശുദ്ധ ക്വുർആൻ പറയുന്നു:

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ ഒരാളോ അവരിൽ രണ്ടുപേരും തന്നെയോ നിന്റെയടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോടു നീ 'ഛെ' എന്നു പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോടു നീ മാന്യമായ വാക്കു പറയുകയും ചെയ്യുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവരിരുവർക്കും താഴ്ത്തിക്കൊടുക്കുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയതുപോലെ ഇവരോടു നീ കരുണ കാണിക്കേണമേ എന്നു നീ പ്രാർഥിക്കുകയും ചെയ്യുക" (17:23,24).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം.നബി(സ്വ) പറഞ്ഞു: "വാർധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും സ്വർഗം നേടാൻ സാധിക്കാത്തവന് നാശം! അവന് നാശം! അവന് നാശം!" (മുസ്‌ലിം)

മാതാപിതാക്കളുടെ ചങ്ങാതിമാരെ ആദരിക്കൽ പോലും അവരോടുള്ള ആദരവാണ് എന്നാണ് പ്രവാചകാധ്യാപനം. അബ്ദുല്ലാഹിബ്നു ഉമർ(റ) ഒരിക്കൽ യാത്രയിലായിരിക്കെ അഅ്റാബിയായ ഒരു മനുഷ്യനെ കാണുന്നു. ഉടനെ ഇബ്നു ഉമർ വാഹനപ്പുറത്തിനിന്ന് നിന്ന് താഴെയിറങ്ങി. എന്നിട്ട് ആ അഅ്റാബിയെ വാഹനത്തിൽ കയറ്റി; കടിഞ്ഞാണും പിടിച്ച് നടന്നു. മാത്രമല്ല തന്റെ തലപ്പാവ് അദ്ദേഹത്തിന് നൽകുകയും ചെയ്തു. 'അബ്ദുല്ലാ! എന്താണ് നിങ്ങൾ ഇങ്ങനെയൊക്കെ ചെയ്യാൻ കാരണം?' എന്ന് കൂടെയുള്ളവർ ചോദിച്ചു. 'ഈ മനുഷ്യന്റെ പിതാവ് എന്റെ പിതാവിന്റെ ഏറ്റവും അടുത്ത സ്നേഹിതനായിരുന്നു' എന്നാണ് ഇബ്നു ഉമർ(റ) പ്രതികരിച്ചത്! 'ഒരാൾ തന്റെ പിതാവിനോടോ മാതാവിനോടോ കാണിക്കുന്ന സ്നേഹത്തിൽ പെട്ടതാണ് അവരുടെ സ്നേഹിതരോട് ബന്ധം ചേർക്കൽ' എന്ന് നബി(സ്വ) പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ടെന്നും ഇബ്നു ഉമർ(റ) കൂട്ടിച്ചേർത്തു.

ഒരു മനുഷ്യൻ പ്രവാചകസന്നിധിയിൽ വന്നുകൊണ്ട് 'എന്റെ മെച്ചപ്പെട്ട സഹവാസത്തിന് ഏറ്റവും അർഹൻ ആരാണെ'ന്ന് ചോദിച്ചപ്പോൾ പ്രവാചകന്റെ മറുപടി 'നിന്റെ മാതാവ്' എന്നായിരുന്നു. മൂന്നുതവണ ആവർത്തിച്ചു ചോദിച്ചപ്പോഴും ഇതായിരുന്നു മറുപടി. നാലാം തവണ ചോദിച്ചപ്പോഴാണ് 'നിന്റെ പിതാവ്' എന്നു മറുപടി പറഞ്ഞത്. നൊന്തുപ്രസവിച്ചു വളർത്തിയ മാതാവിനോട് കൂടുതൽ കടപ്പാടുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. പിതാക്കളോട് വെറുപ്പുകാണിക്കുന്നത് നന്ദികേടാണെന്നും നബി(സ്വ) മുന്നറിയിപ്പു നൽകിയിട്ടുണ്ട്. വാർധക്യം തന്നെയും പിടികൂടുമെന്ന ചിന്തയെങ്കിലുമുള്ളവർ വൃദ്ധരായ മാതാപിതാക്കളെ വെറുക്കില്ല, തീർച്ച.

ആദർശശത്രുവായിട്ടും മഹാനായ ഇബ്റാഹീം നബി(അ) പിതാവിനോട് സ്നേഹത്തോടെയാണ് എപ്പോഴും പെരുമാറിയിട്ടുള്ളത്. പിതാവ് ഇങ്ങോട്ട് ശത്രുത കാണിച്ചു. 'നിന്നെ ഞാൻ എറിഞ്ഞോടിക്കും, എന്റെ മുമ്പിൽനിന്ന് ഞാൻ കാണാത്ത സ്ഥലത്തേക്ക് പോകൂ' എന്നൊക്കെ പറഞ്ഞു. പക്ഷേ, ഇബ്റാഹീം(അ) പ്രകോപിതനായില്ല. കയർത്തു സംസാരിച്ചില്ല.

മോനേ, നിന്നെ അറുക്കണം എന്നതാണ് അല്ലാഹുവിന്റെ തീരുമാനം. സ്വപ്നത്തിൽ ഞാൻ അത് കണ്ടിരിക്കുന്നു. എന്താ മോനേ നിന്റെ അഭിപ്രായം എന്ന് ഇബ്റാഹീം(അ) മകനായ ഇസ്മാഈൽ(അ)യോട് ചോദിച്ചപ്പോൾ കൽപിക്കപ്പെട്ടതുപോലെ ചെയ്യാൻ പറഞ്ഞ് അല്ലാഹുവിനെയും പിതാവിനെയും അനുസരിക്കാൻ തയ്യാറായതിൽ നമുക്ക് ഗുണപാഠമില്ലേ?

മാതാപിതാക്കൾ അന്യമതക്കാരാണെങ്കിലും ആദർശവിശുദ്ധി കാത്തുസൂക്ഷിച്ചുകൊണ്ട് അവരോടുള്ള കടമകൾ നിറവേറ്റണമെന്നും വൃദ്ധരായ മാതാപിതാക്കൾക്കു ചെയ്യുന്ന സേവനം ദൈവമാർഗത്തിലുള്ള പലായനത്തെക്കാളും ധർമസമരത്തെക്കാളും ഉത്തമമാണെന്നും അവരുടെ തൃപ്തിയിലാണ് അല്ലാഹുവിന്റെതൃപ്തിയെന്നും അവരുടെ കോപത്തിലാണ് അല്ലാഹുവിന്റെ കോപമെന്നും കാരുണ്യത്തിന്റെ മതമായ ഇസ്‌ലാം വ്യക്തമാക്കുന്നു.

സ്നേഹം ഉള്ളിൽ വെച്ചാൽ പോരാ. അത് പ്രകടിപ്പിക്കണം. പ്രകടിപ്പില്ലെങ്കിൽ അവർക്ക് അത് മനസ്സിലാകില്ല. മാതാപിതാക്കളെ നന്നായി സ്നേഹിക്കുക, പരിഗണിക്കുക.അല്ലാഹുവിന്റെ തൃപ്തി ലഭിക്കാൻ അത് അനിവാര്യമാണ്. അല്ലാഹുവിന്റെ തൃപ്തി ലഭിക്കാത്തവർക്ക് സ്വർഗം ലഭിക്കില്ല. ●

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# പൊട്ടിച്ചെറിയുക ഈ ചങ്ങലകൾ

**"എന്നിട്ട് ആ മലമ്പാതയിൽ അവർ തള്ളിക്കടന്നില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ? ഒരു അടിമയെ മോചിപ്പിക്കുക..." (ക്വുർആൻ 7:157)**

**പാ**രതന്ത്ര്യത്തെ ഇഷ്ടപ്പെടാത്തവനാണ് മനുഷ്യൻ. സ്വാതന്ത്ര്യമില്ലാത്ത ജീവിതം അവന് അസഹ്യമാണ്. ശത്രുക്കളുടെ കൂർത്ത നഖങ്ങളിൽ കിടന്ന് പിടയുന്നതിനെക്കാൾ മരണം അവൻ കൊതിച്ചുപോകുന്നു. സ്വാതന്ത്ര്യത്തിനായുള്ള ദാഹം അവന്റെ അടങ്ങാത്ത ഉൾവിളിയാണ്. അതിനാൽ സ്വാതന്ത്ര്യത്തിന്റെ വീഥിയിൽ എത്രയോ മഹത്തുക്കൾ അവരുടെ വിലപ്പെട്ട പലതും സമർപ്പിച്ചിട്ടുണ്ട്. സ്വാതന്ത്ര്യമനുഭവിക്കുന്ന പിൻതലമുറക്കാർ പലപ്പോഴും അത്തരം പൂർവികരെ സ്മരിക്കുന്നില്ല എന്നത് ഒരു യാഥാർഥ്യം.

നാം ഇന്ത്യക്കാർ... ഒരിക്കൽ നമ്മെ അടിമകളാക്കി വെച്ചിരുന്ന വൈദേശികരുടെ അടിമത്ത നുകത്തിൽനിന്ന് നാം സ്വതന്ത്രരായി. എങ്കിലും സാമ്രാജ്യത്വത്തിന്റെയും സാംസ്കാരികാധിനിവേശത്തിന്റെയും പിടിയിൽനിന്ന് പൂർണമായി നാം മോചിതരാണോ എന്ന് ആലോചിക്കുക.

ലോകത്ത് അടിമത്തം ഒരു യാഥാർഥ്യമായിരുന്നു. അതിൽനിന്ന് മനുഷ്യരെ ക്രമാനുഗതമായി മോചിപ്പിക്കുക എന്ന പ്രായോഗിക രീതിയാണ് ഇസ്ലാം സ്വീകരിച്ചത്. പല തെറ്റുകൾക്കും പ്രായശ്ചിത്തമായി അടിമയെ മോചിപ്പിക്കൽ നിശ്ചയിച്ചു. അടിമയെ മോചിപ്പിക്കൽ വലിയ പുണ്യകർമമാണെന്ന് പഠിപ്പിച്ചു. അതിലേക്ക് സൂചന നൽകുന്ന ഒരു സൂക്തമാണ് മുകളിൽ ഉദ്ധരിച്ചത്.

അപ്രകാരം തന്നെ അതിനെക്കാൾ വികൃതവും നീചവുമായ മറ്റൊരു അടിമത്തത്തിൽ കൂർക്കം വലിച്ചുറങ്ങുകയാണ് നമ്മിൽ പലരും. ലഹരി ബാധിച്ച് മയങ്ങിക്കിടക്കുന്നവനെ പോലെ തന്റെ മേലുള്ള അടിമത്തത്തിന്റെ ചങ്ങലക്കെട്ടുകൾ അവർ അറിയുന്നുപോലുമില്ല.

യഥാർഥമായ മോചനം നമുക്ക് സ്വായത്തമാക്കാനും അടിമത്തത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ വിശാലത ആസ്വദിക്കാനും സാധിക്കണമെങ്കിൽ, സർവ ചരാചരങ്ങളുടെയും സ്രഷ്ടാവും സർവശക്തനുമായ അല്ലാഹുവിനെമാത്രം ആരാധിക്കുന്നവരും അഭൗതികമായ നിലയിൽ അവനെമാത്രം ഭയപ്പെടുന്നവരുമാകണം. അഥവാ ഇസ്ലാം പഠിപ്പിക്കുന്ന തൗഹീദ് (ഏകദൈവവിശ്വാസം) ശരിയായ അർഥത്തിൽ ഉൾക്കൊണ്ടവരാകണം.

അതിന്റെ അഭാവത്തിൽ, കരിമ്പൂച്ച വട്ടം ചാടിയാൽ അപകടം ഭയന്ന് യാത്ര അവസാനിപ്പിക്കേണ്ടിവരും. വീടും സമ്പത്തും കാക്കാൻ നോക്കുകുത്തികൾ സ്ഥാപിക്കേണ്ടി വരും. ചില പ്രത്യേക സംഖ്യകളെഭയന്ന് ജീവിക്കേണ്ടിവരും. ആഗ്രഹ സഫലീകരണത്തിനും സംരക്ഷണത്തിനുമായി ആരെയൊക്കെയാണ് പ്രീതിപ്പെടുത്തേണ്ടതെന്നറിയാതെ പ്രയാസപ്പെടേണ്ടിവരും.

ദുർബലരായ സൃഷ്ടിജാലങ്ങളെ ദൈവസ്ഥാനത്ത് അവരോധിച്ച് രക്ഷയ്ക്കായി പ്രാർഥിക്കുമ്പോൾ വാസ്തവത്തിൽ ഒരു തരം അധമത്വവും അടിമത്തവും നാം സ്വയം തോളിലേറ്റുകയാണ് ചെയ്യുന്നത്. ഇസ്ലാം പഠിപ്പിക്കുന്ന ഏകദൈവവിശ്വാസം അങ്ങനെയുള്ള സർവവിധ മാറാപ്പുകളും ചങ്ങലക്കെട്ടുകളും ഇറക്കിവെച്ച് മോചനത്തിന്റെ വിശാലതയനുഭവിക്കാനാണ് ക്ഷണിക്കുന്നത്.

അന്തിമദൂതനായ മുഹമ്മദ് നബി(സ്വ)യെ പരാമർശിച്ചുകൊണ്ട് ക്വുർആൻ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്:

"അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു..." (7:157).

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. ഈച്ച അവരുടെ പക്കൽനിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽനിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ" (22:73).

ആശയവിവർത്തനം

ബാലപഥം



റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ്, മോങ്ങം

# നിഹാലിന്റെ ധീരത

അത് ഒരു വേനലവധിയുടെ കാലമായിരുന്നു. പരീക്ഷയെല്ലാം കഴിഞ്ഞതിന്റെയും സ്കൂൾ പൂട്ടിയതിന്റെയും സന്തോഷത്തിൽ കുറെ കുട്ടികൾ പുഴയുടെ തീരത്ത് കളിച്ചുകൊണ്ടിരിക്കുകയാണ്. കൂട്ടത്തിൽ ഇർഫാൻ എന്ന് പേരുള്ള വികൃതിക്കുട്ടിയുണ്ട്. ഏതൊരു ജീവിയെ കണ്ടാലും കല്ലെടുത്തെറിഞ്ഞും മറ്റും ഉപദ്രവിക്കുന്ന സ്വഭാവക്കാരനാണവൻ. അതിനാൽ ആർക്കുമവനെ ഇഷ്ടമില്ല.

കൂട്ടുകാർ ഏർപെട്ടിരിക്കുന്ന കളിയിലൊന്നും അവന് താൽപര്യമില്ല.

“ഇതൊക്കെ ബോറൻ കളിയാണ്. നമുക്ക് വേറെ വല്ല രസകരമായ കളിയും കളിക്കാം” ഇർഫാൻ പറഞ്ഞു.

പലരും പല കളികളും നിർദേശിച്ചു. അതൊന്നും അവന് പറ്റിയില്ല. ഒടുവിൽ അവൻ അവനെ പോലെ ചിന്തിക്കുന്ന കുറച്ച് കുട്ടികളെ കൂടെ കൂട്ടി. നമുക്ക് ഒരു തമാശക്കളി കളിക്കാം എന്ന് അവർ തീരുമാനിച്ചു.

മറ്റു കുട്ടികളെല്ലാം ഇനി എന്ത് കളിയാണ് ഇവർ കളിക്കാൻ പോകുന്നതെന്ന് അറിയാൻ ആകാംക്ഷയോടെ നോക്കിനിന്നു.

ഇർഫാൻ ഒരു കൂട്ടുകാരന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു. അവൻ ചിരിച്ചുകൊണ്ട് തലകുലുക്കി. അവൻ അത് തന്റെ അടുത്ത് നിൽക്കുന്നവന്റെ ചെവിയിൽ പറഞ്ഞു. അങ്ങനെ അവരെല്ലാവരും സ്വകാര്യമായി അത് മനസ്സിലാക്കി. ഇവർക്ക് എന്താണിത്ര രഹസ്യമായി പറയാനുള്ളത് എന്നറിയാതെ മറ്റുള്ളവർ പരസ്പരം നോക്കി.

പെട്ടെന്ന് ഇർഫാനും കൂട്ടുകാരും ചേർന്ന് തെല്ലകലെ മാറിനിൽക്കുകയായിരുന്ന അലി എന്ന കുട്ടിയെ പിടികൂടി പുഴയിലേക്ക് വലിച്ചെറിഞ്ഞു. നീന്തലറിയാത്ത അലി വെള്ളത്തിൽ മുങ്ങിപ്പൊങ്ങിക്കൊണ്ടിരുന്നു. അവൻ നീന്താൻ ശ്രമിച്ചു നോക്കുന്നുണ്ട്. പക്ഷേ, കഴിയുന്നില്ല. അവൻ സഹായത്തിനായി ആർത്തുകരഞ്ഞു. അതു കണ്ട് ഇർഫാനും കൂട്ടാളികളും ചിരിക്കുകയാണ്.

താമസിയാതെ അവൻ വെള്ളത്തിൽ മുങ്ങിത്താണ് ഒഴുകിപ്പോകും. എന്തു ചെയ്യണമെന്നറിയാതെ മറ്റു കുട്ടികളും കരയാൻ തുടങ്ങി. ഇർഫാനും കൂടെയുള്ളവരും കൈകൊട്ടി ചിരിക്കുകയാണ്. വെള്ളത്തിൽ ചാടി രക്ഷപ്പെടുത്താൻ ശ്രമിച്ചാൽ ഇർഫാന്റെ പക്കൽനിന്ന് അടി വാങ്ങേണ്ടി വരും. അതിനാൽ ആർക്കും അതിന് ധൈര്യം വരുന്നില്ല. ഇർഫാൻ എപ്പോഴും ശത്രുവായി കണ്ടിരുന്ന കുട്ടിയാണ് നിഹാൽ. ഇർഫാനോട് ഏറ്റുമുട്ടാൻ ധൈര്യമുള്ള കുട്ടി. അവൻ കൂടുതലൊന്നും ആലോചിക്കാതെ പുഴയിലേക്ക് എടുത്തുചാടി. നീന്തിച്ചെന്ന് അലിയെ പിടിച്ച് കരയിലെത്തിച്ചു. അലി വെള്ളം കുടിച്ച് അവശനായിരുന്നു.

കുട്ടികൾ അവരുടെ ചുറ്റും കൂടി. അവർ നിഹാലിന്റെ ധീരതയെ അഭിനന്ദിച്ചു. ഇർഫാനും കൂടെയുള്ളവരും പെട്ടെന്ന് സ്ഥലം വിട്ടു. അതുവഴി വന്ന ഒരാൾ കുട്ടികൾ കൂടി നിൽക്കുന്നതു കണ്ട് കാര്യം അന്വേഷിച്ചു. അവർ നടന്ന കാര്യം വിവരിച്ചു. അയാൾ നിഹാലിന്റെ ചുമലിൽ കൈവെച്ചു കൊണ്ട്പറഞ്ഞു: “മോനേ, നീ ചെയ്തത് വളരെ നല്ലൊരു പ്രവർത്തനമാണ്. ഒരു ജീവനെയാണ് നീ രക്ഷിച്ചത്. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ അവനെ ഉപദ്രവിക്കുകയോ ഉപദ്രവിക്കുവാനായി വിട്ടുകൊടുക്കുകയോ ഇല്ല എന്ന നബിവചനമാണ് നീ പ്രാവർത്തികമാക്കിയത്. അല്ലാഹു നിന്നെ അനുഗ്രഹിക്കുമാറാകട്ടെ.”

കവിത

# അറിയാമോ?

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

അന്തിമദൂതൻ ആരാണ്?
മുത്ത് മുഹമ്മദ് സ്വല്ലല്ലാഹ്!
അന്തിമവേദം ഏതാണ്?
വിശുദ്ധ ക്വുർആനാണല്ലോ!
വിശുദ്ധ ക്വുർആനെന്താണ്?
റബ്ബൊരുവന്റെ കലാമാണ്!
ആരീ വേദം എത്തിച്ചു?
ജിബ്‌രീലെന്ന മലക്കാണ്!
എന്തിനു വേണ്ടി ഈ ക്വുർആൻ?
ജീവിത മാർഗം കാട്ടാനായ്,
നന്മയും തിന്മയുമെല്ലാമെ
എന്താണെന്ന് പഠിപ്പിക്കാൻ!
നന്മകൾ ചെയ്താൽ എന്ത് ഗുണം?
പകരം സ്വർഗം കിട്ടീടും!
തിന്മകൾ ചെയ്താൽ എന്താകും?
നരകത്തീയിൽ എത്തീടും!
പ്രാർഥനയാരോടാകേണം?
ഏകൻ റബ്ബൊരുവന്നോട്!
ആരാധനകൾ അർഹിക്കും
ആരും വേറെ ഇല്ലെന്നോ?
അല്ലാഹ് ഒരുവൻ അല്ലാതെ
അർഹൻ ആരും ഇല്ലല്ലോ!
സൃഷ്ടികളോട് ദുആ ചെയ്താൽ
സ്രഷ്ടാവേകൻ കോപിക്കും!
കടുത്ത പാപമതെന്നറിയൂ
ഒരിക്കലും അത് ചെയ്യരുതേ!

# നിറങ്ങൾ

റോഷ്ന ബിൻത് ദസ്തഗീർ

ആഹാ എത്ര നിറങ്ങൾ എങ്ങും
എന്തൊരു ചേലിതു കാണാനായ്
എന്ത് മനോഹരമാണീ പൂക്കൾ
എത്ര നിറങ്ങൾ എണ്ണാമോ?
പച്ചമരത്തിൽ പച്ചിലകൾ
എത്ര തരത്തിൽ പച്ചനിറം!
അഴകില്ലാത്തൊരു നിറമില്ലാ
നിറമില്ലാത്തൊരു അഴകുണ്ടോ?
അഴകുള്ളോനാമല്ലാഹു
അഴകിൽ എല്ലാം സൃഷ്ടിച്ചു

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം

നൂഹ്(അ): 4



# പ്രബോധന വീഥിയിൽ തളരാതെ...

**അ**ല്ലാഹുവിങ്കൽ നിന്നുള്ള സന്ദേശം തങ്ങൾ പുലർത്തിപ്പോരുന്ന വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും എതിരാണെങ്കിൽ ചിലർക്കത് പിഴച്ച വാദമായി തോന്നും. 'ഞങ്ങൾക്കിതൊന്നും കാണുകയോ കേൾക്കുകയോ വേണ്ട' എന്ന് അവർ ഉറപ്പിച്ചു പറയും. 'ഇതൊന്നും ഇക്കാലത്ത് ജനങ്ങളോട് പറയാൻ പറ്റുന്നതല്ല' എന്നായിരിക്കും മറ്റു ചിലരുടെ ചിന്ത. ചിലരാകട്ടെ തങ്ങൾക്ക് ഇഷ്ടമുള്ള വ്യാഖ്യാനങ്ങൾ അതിന് നൽകും. അതിന് സാധിക്കില്ലെങ്കിൽ അതിനെ നിഷേധിക്കുകയും അത് അംഗീകരിക്കുന്നവരെ പിഴച്ചവരായി മുദ്ര കുത്തുകയും ചെയ്യും.

തന്നെ ജനങ്ങൾ പിഴച്ചവനായി മുദ്രകുത്തിയപ്പോഴും ഗുണകാംക്ഷയോടെ അവരെ നൂഹ്(അ) ഉപദേശിച്ചു. പക്ഷേ, കുറ്റപ്പെടുത്തലുകളും പരിഹാസവും തുടർന്നു:

"അപ്പോൾ അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് അവിശ്വസിച്ചവരായ പ്രമാണിമാർ പറഞ്ഞു: ഞങ്ങളെപോലെയുള്ള മനുഷ്യനായിട്ട് മാത്രമെ നിന്നെ ഞങ്ങൾ കാണുന്നുള്ളൂ. ഞങ്ങളുടെ കൂട്ടത്തിൽ ഏറ്റവും നിസ്സാരൻമാരായിട്ടുള്ളവർ പ്രഥമവീക്ഷണത്തിൽ (ശരിയായി ചിന്തിക്കാതെ) നിന്നെ പിന്തുടർന്നതായിട്ട് മാത്രമാണ് ഞങ്ങൾ കാണുന്നത്. നിങ്ങൾക്ക് ഞങ്ങളെക്കാൾ യാതൊരു ശ്രേഷ്ഠതയും ഞങ്ങൾ കാണുന്നുമില്ല. പ്രത്യുത, നിങ്ങൾ വ്യാജവാദികളാണെന്ന് ഞങ്ങൾ കരുതുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഞാൻ എന്റെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവിനെ അവലംബിക്കുന്നവനായിരിക്കുകയും അവന്റെ അടുക്കൽ നിന്നുള്ള കാരുണ്യം അവൻ എനിക്ക്

തന്നിരിക്കുകയും, എന്നിട്ട് നിങ്ങൾക്ക് (അത് കണ്ട റിയാനാവാത്ത വിധം) അന്ധത വരുത്തപ്പെടുകയു മാണ് ഉണ്ടായിട്ടുള്ളതെങ്കിൽ (ഞാൻ എന്ത് ചെയ്യും). നിങ്ങൾ അത് ഇഷ്ടപ്പെടാത്തവരായിരിക്കെ നിങ്ങളു ടെ മേൽ നാം അതിന് നിർബന്ധം ചെലുത്തുകയോ?" (11:27,28).

നീ ഞങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാ ത്രമാണ്, നിന്നെ പിൻപറ്റുന്നവരാകട്ടെ ഞങ്ങളുടെ കൂട്ടത്തിലെ ദുർബലന്മാരും. മാത്രമല്ല നീ കളവ് പ റയുന്നവനാണ്... ഇതൊക്കെയാണ് ജനങ്ങളുടെ പ്ര തികരണം! അദ്ദേഹം പ്രകോപിതനാകാതെ സംസാ രിച്ചു. 'ഇല്ല, ഞാൻ എന്റെ രക്ഷിതാവിങ്കൽ നിന്നു ള്ള വ്യക്തമായ തെളിവോടെയാണ് സംസാരിക്കുന്ന ത്. നിങ്ങൾ അന്ധത നടിക്കുകയാണ്. നിങ്ങളോട് ഞാൻ പറയുന്നത് അടിച്ചേൽപിക്കുന്നില്ല.'

സത്യം എന്തെന്നും ആരാണ് സത്യത്തിന്റെ ക ക്ഷിയെന്നും ആളുകളുടെ എണ്ണം നോക്കിയല്ല നാം തീരുമാനിക്കേണ്ടത്. ജനങ്ങളിൽ ഭൂരിപക്ഷവും നര കത്തിലായിരിക്കും എന്നാണല്ലോ. പിന്നെ എങ്ങനെ നാം ആളുകളുടെ എണ്ണം നോക്കി സത്യം തീരുമാ നിക്കും? ഈ സമുദായം 73 കക്ഷികളാകുമെന്നും അതിൽ ഒന്നാണ് സ്വർഗത്തിൽ പോകുക എന്നും നബി(സ്വ) പറഞ്ഞിരിക്കെ, എങ്ങനെ നാം ആളുക ളുടെ എണ്ണം നോക്കി സത്യം തീരുമാനിക്കും? ചി ലർ താൻ ഏത് വിഭാഗത്തിൽ നിൽക്കണം എന്ന് തീരുമാനിക്കാറുള്ളത് ആരെല്ലാമാണ് ആ വിഭാഗത്തി ലുള്ളതെന്ന് നോക്കിയാണ്. നല്ല അറിവുള്ളവരു ണ്ടോ, നല്ല പ്രഭാഷകരുണ്ടോ, നല്ല എഴുത്തുകാരു ണ്ടോ, പ്രശസ്തരുണ്ടോ, അവർക്ക് സമുദായത്തിൽ എത്ര സ്വീകാര്യതയുണ്ട്... എന്നെല്ലാം നോക്കിയാ ണ്. ഇതൊന്നും സത്യവും അസത്യവും വേർതിരി ക്കുന്നതിന്റെ മാനദണ്ഡമല്ല. അതുകൊണ്ടാണ് നൂ ഹ്(അ) അവരോട് 'ഞാൻ പറയുന്നത് എന്റെ റബ്ബിൽ നിന്നുള്ള തെളിവിന്നടിസ്ഥാനത്തിലാണ്' എന്ന് പറ ഞ്ഞത്. നിലപാട് സ്വീകരിക്കേണ്ടത് അല്ലാഹുവിങ്കൽ നിന്നും ഉള്ളതാണോ പറയുന്നത് എന്ന് നോക്കിയാ ണ്. ഇതെല്ലാം നൂഹ്(അ) ജനങ്ങളോട് പറഞ്ഞതിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

വ്യക്തമായ തെളിവുകൾ സഹിതം 'അല്ലാഹുവി നെ മാത്രമെ ആരാധിക്കാവൂ' എന്നും 'അല്ലാഹുവി ന് പുറമെ യാതൊരു വസ്തുവിനെയും ആരാധിക്ക രുത്' എന്നും നുഹ്(അ) ജനങ്ങളോട് പറഞ്ഞപ്പോൾ അവർ തങ്ങളുടെ ശിർക്കിനെ ന്യായീകരിച്ചു. 'നൂ ഹേ, ഞങ്ങളുടെ പൂർവികരെല്ലാം ഈ മഹാന്മാരോ ട് പ്രാർഥിക്കുന്നവരായിരുന്നു. നിന്റെ പുതിയ വാദം അവർക്കാർക്കും പരിചയമില്ലാത്തതായിരുന്നു. അതി നാൽ ഞങ്ങൾ ഞങ്ങളുടെ പൂർവ പിതാക്കളുടെ മാർ ഗത്തിൽ തന്നെയാണ് നിൽക്കുന്നത്. നീ പറയുന്ന താണ് ശരിയെങ്കിൽ അല്ലാഹു ഞങ്ങളിലേക്ക് മല ക്കുകളെ അയക്കുമായിരുന്നു. നിനക്ക് ഭ്രാന്താണ്'

**സത്യം എന്തെന്നും ആരാണ് സത്യത്തിന്റെ കക്ഷിയെ ന്നും ആളുകളുടെ എണ്ണം നോക്കിയല്ല നാം തീരു മാനിക്കേണ്ടത്. ജനങ്ങളിൽ ഭൂരിപക്ഷവും നരക ത്തിലായിരിക്കും എന്നാണ്. പിന്നെ എങ്ങനെ നാം ആളുകളുടെ എണ്ണം നോക്കി സത്യം തീരുമാനി ക്കും? ഈ സമുദായം 73 കക്ഷികളാകുമെന്നും അതിൽ ഒന്നാണ് സ്വർഗത്തിൽ പോകുക എന്നും നബി(സ്വ) പറഞ്ഞിരിക്കെ, എങ്ങനെ നാം ആളുക ളുടെ എണ്ണം നോക്കി സത്യം തീരുമാനിക്കും?**

എന്നെല്ലാം പറഞ്ഞ് പരിഹസിക്കുക യും അദ്ദേഹത്തിന്റെ പ്രവാചകത്വ ത്തെ നിഷേധിക്കുകയും ചെയ്തു.

"അപ്പോൾ അദ്ദേഹത്തിന്റെ ജനത യിലെ സത്യനിഷേധികളായ പ്രമാണി മാർ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലെ യുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളെക്കാളുപരിയായി അവൻ മഹ ത്ത്വം നേടിയെടുക്കാൻ ആഗ്രഹിക്കു ന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അ വൻ (ദൂതൻമാരായി) മലക്കുകളെ ത ന്നെ ഇറക്കുമായിരുന്നു. ഞങ്ങളുടെ പൂർവപിതാക്കൾക്കിടയിൽ ഇങ്ങനെ യൊന്ന് ഞങ്ങൾ കേട്ടിട്ടില്ല. ഇവൻ ഭ്രാ ന്ത് ബാധിച്ച ഒരു മനുഷ്യൻ മാത്രമാ കുന്നു. അതിനാൽ കുറച്ചുകാലം വ രെ ഇവന്റെ കാര്യത്തിൽ നിങ്ങൾ കാ ത്തിരിക്കുവിൻ" (23:24,25).

"അവർക്ക് മുമ്പ് നൂഹിന്റെ ജനത യും നിഷേധിച്ചു കളഞ്ഞിട്ടുണ്ട്. അങ്ങ നെ നമ്മുടെ ദാസനെ അവർ നിഷേ ധിച്ച് തള്ളുകയും ഭ്രാന്തൻ എന്നു പറ യുകയും ചെയ്തു. അദ്ദേഹം വിരട്ടി ഓ ടിക്കപ്പെടുകയും ചെയ്തു"(54:9).

ഇങ്ങനെയെല്ലാം അദ്ദേഹത്തോട് അവർ പറഞ്ഞിട്ടും കൂടെയുള്ളവരെ മാ റ്റി നിർത്താനോ തൗഹീദിന്റെ മാർഗ ത്തിൽ നിന്ന് ഒരു ഇഞ്ച് പിന്നോട്ട് നിൽ ക്കാനോ അദ്ദേഹം തയ്യാറായില്ല. അ ദ്ദേഹം അവരോട് പറഞ്ഞു:


"എന്റെ ജനങ്ങളേ, ഇതിന്റെ പേരിൽ നിങ്ങളോട് ഞാൻ ധനം ചോദിക്കുന്നി ല്ല. എനിക്കുള്ള പ്രതിഫലം അല്ലാഹു തരേണ്ടത് മാത്രമാകുന്നു. വിശ്വസിച്ച വരെ ഞാൻ ആട്ടിയോടിക്കുന്നതല്ല.

തീർച്ചയായും അവർ അവരുടെ രക്ഷിതാവിനെ കണ്ടുമുട്ടാൻ പോകുന്നവരാണ്. എന്നാൽ ഞാൻ നിങ്ങളെ കാണുന്നത് വിവരമില്ലാത്ത ഒരു ജനവിഭാഗമായിട്ടാണ്. എന്റെ ജനങ്ങളേ, ഞാനവരെ ആട്ടിയോടിക്കുന്ന പക്ഷം അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് എന്നെ രക്ഷിക്കുവാനാരാണുള്ളത്? നിങ്ങൾ ആലോചിച്ച് നോക്കുന്നില്ലേ? അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നുമില്ല. ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല. നിങ്ങളുടെ കണ്ണുകൾ നിസ്സാരമായി കാണുന്നവരെപറ്റി, അവർക്ക് അല്ലാഹു യാതൊരു ഗുണവും നൽകുന്നതേയല്ല എന്നും ഞാൻ പറയുകയില്ല. അല്ലാഹുവാണ് അവരുടെ മനസ്സുകളിലുള്ളതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവൻ. അപ്പോൾ (അവരെ ദുഷിച്ച് പറയുന്ന പക്ഷം) തീർച്ചയായും ഞാൻ അക്രമികളിൽ പെട്ടവനായിരിക്കും" (11:29-31).

നൂഹ്(അ)നോട് അവർ 'നൂഹേ, നിന്റെ കൂടെയുള്ളവരെല്ലാം ദുർബലരും യാതൊരു പ്രശസ്തിയുമില്ലാത്തവരാണ്' എന്ന് പറഞ്ഞല്ലോ. ഒരു പക്ഷേ, അവർ അങ്ങനെ പറഞ്ഞതിന്റെ താൽപര്യം അവരെയൊക്കെ മാറ്റി നിർത്തിയാൽ നിന്റെ വാക്കുകളെ ഞങ്ങൾ കേൾക്കാം എന്നാവാം. അതുകൊണ്ടാണ് അദ്ദേഹം 'ഞാൻ അവരെ എന്നിൽ നിന്ന് ആട്ടിയോടിക്കില്ല. ഞാൻ അപ്രകാരം ചെയ്യുന്ന പക്ഷം എനിക്ക് അല്ലാഹുവിങ്കൽ നിന്നുള്ള ശിക്ഷ ബാധിക്കും' എന്ന് പറഞ്ഞത്. കൂടെയുള്ളവർ വിശ്വാസികളാണെങ്കിൽ അവരെ മാറ്റി നർത്തി അല്ലാഹുവിന്റെ ദീനിന്റെ ശത്രുക്കളുടെ ഇഷ്ടത്തിനനുസരിച്ച് ചലിക്കേണ്ടവരല്ലല്ലോ വിശ്വാസികൾ. വിശ്വാസികൾ സാധുക്കളായി എന്നതിനാൽ അല്ലാഹു അവർക്ക് പദവിയിൽ കുറവ് വരുത്തുകയില്ല. അതിനാൽ അവരെ വേദനിപ്പിച്ച് പ്രമാണിമാരെ സന്തോഷിപ്പിക്കലല്ല ഇത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നിലപാട്.

നൂഹ് നബി(അ)യുടെ ജനത അദ്ദേഹത്തോട് പല രൂപത്തിലും തർക്കിക്കാൻ ശ്രമിച്ചു. എന്നാൽ അതിനെല്ലാം മറുപടി യുക്തി യുക്തം നൽകിയപ്പോൾ മറിച്ചൊന്നും പറയാൻ സാധിക്കാതെ വന്നപ്പോൾ 'നൂഹേ, നിന്നോട് തർക്കിക്കാൻ ഞങ്ങളില്ല. നീ നന്നായി തർക്കിക്കുകയാണ്' എന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ് അവർ ചെയ്തത്. ഇത് എല്ലാ കാലത്തും ഇസ്‌ലാമിന്റെ എതിരാളികൾ പ്രയോഗിക്കുന്ന ഒരു തന്ത്രമാണ്. തങ്ങളുടെ വാദങ്ങൾക്ക് ഇസ്‌ലാമിക പ്രബോധകരുടെ മുന്നിൽ പിടിച്ച് നിൽക്കാൻ സാധിക്കാതെ വരുമ്പോൾ എതിരാളികൾ അവസാനം മുട്ടുമടക്കി തർക്കമാണെന്ന് പറഞ്ഞ് ഒഴിവാവുകയാണ് ചെയ്യാറുള്ളത്. അവരും അപ്രകാരം ചെയ്തു. ഈ തന്ത്രത്തിന് നൂഹ് നബി(അ)യുടെ കാലത്തോളം പഴക്കമുണ്ടെന്നർഥം.

**കൂടെയുള്ളവർ വിശ്വാസികളാണെങ്കിൽ അവരെ മാറ്റി നർത്തി അല്ലാഹുവിന്റെ ദീനിന്റെ ശത്രുക്കളുടെ ഇഷ്ടത്തിനനുസരിച്ച് ചലിക്കേണ്ടവരല്ലല്ലോ വിശ്വാസികൾ. വിശ്വാസികൾ സാധുക്കളായി എന്നതിനാൽ അല്ലാഹു അവർക്ക് പദവിയിൽ കുറവ് വരുത്തുകയില്ല. അതിനാൽ അവരെ വേദനിപ്പിച്ച് പ്രമാണിമാരെ സന്തോഷിപ്പിക്കലല്ല ഇത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നിലപാട്.**



നൂഹ്(അ) അവരോട് അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നും അവന്റെ ദൂതനായ എന്നെ നിങ്ങൾ അനുസരിക്കണമെന്നും അല്ലാത്ത പക്ഷം അല്ലാഹുവിങ്കൽ നിന്നുള്ള വേദനയേറിയ ശിക്ഷ നിങ്ങളെ ബാധിക്കുമെന്നും പറഞ്ഞിരുന്നല്ലോ. അവസാനം ആ ശിക്ഷ കൊണ്ടുവരാനായി അദ്ദേഹത്തോട് അവർ ആവശ്യപ്പെട്ടു. എന്നാൽ ഞാൻ അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാണെന്നും, അല്ലാഹുവിന്റെ ശിക്ഷ കൊണ്ടുവരാൻ ഞാൻ ഉദ്ദേശിച്ചാൽ എനിക്ക് സാധിക്കില്ലെന്നും അവന്റെ ശിക്ഷ ഇറങ്ങിയാലോ അതിൽ നിന്ന് രക്ഷപ്പെടാൻ നിങ്ങൾക്ക് സാധ്യമല്ലെന്നും ഞാൻ നിങ്ങൾക്ക് ഉപദേശം തരുമ്പോൾ നിങ്ങൾക്കത് ഉപകാരപ്പെടുന്നില്ലെന്നും അതും ഞാൻ ഉദ്ദേശിച്ചാൽ നടക്കുന്ന കാര്യമല്ലെന്നും അദ്ദേഹം അവരോട് സ്നേഹത്തോടെ പറഞ്ഞു നോക്കി. പ്രതികരണം അപ്രതീക്ഷിത രൂപത്തിലുള്ളതായിരുന്നു: 'നൂഹേ, നീ ഇത് അവസാനിപ്പിക്കണം. അല്ലെങ്കിൽ നിന്നെ ഞങ്ങൾ എറിഞ്ഞു കൊല്ലും!'

“അവർ പറഞ്ഞു: നൂഹേ, നീ ഞങ്ങളോട് തർക്കിച്ചു. വളരെയേറെ തർക്കിച്ചു. എന്നാൽ നീ സത്യ

വാൻമാരുടെ കൂട്ടത്തിലാണെങ്കിൽ നീ ഞങ്ങൾക്ക് താക്കീത് നൽകിക്കൊണ്ടിരിക്കുന്നത് (ശിക്ഷ) ഞങ്ങൾക്ക് നീ ഇങ്ങു കൊണ്ട് വരൂ. അദ്ദേഹം പറഞ്ഞു: അല്ലാഹു മാത്രമാണ് നിങ്ങൾക്കത് കൊണ്ട് വരുക; അവൻ ഉദ്ദേശിച്ചെങ്കിൽ, നിങ്ങൾക്ക് (അവനെ) തോൽപിച്ച് കളയാനാവില്ല. അല്ലാഹു നിങ്ങളെ വഴിതെറ്റിച്ചുവിടാൻ ഉദ്ദേശിക്കുന്ന പക്ഷം ഞാൻ നിങ്ങൾക്ക് ഉപദേശം നൽകാൻ ഉദ്ദേശിച്ചാലും എന്റെ ഉപദേശം നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല. അവനാണ് നിങ്ങളുടെ രക്ഷിതാവ്. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്" (11:32,34).

"അവർ പറഞ്ഞു: നൂഹേ, നീ (ഇതിൽനിന്നു) വിരമിക്കുന്നില്ലെങ്കിൽതീർച്ചയായും നീ എറിഞ്ഞു കൊല്ലപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും" (26:116).

പ്രബോധന വീഥിയിൽ നിൽക്കുമ്പോൾ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഭീഷണിയും ഒറ്റപ്പെടുത്തലുകളും പരിഹാസവും എല്ലാം നേരിടേണ്ടി വരും. അപ്പോൾ എന്ത് ചെയ്യണം? എല്ലാം നിറുത്തി വീട്ടിൽ ചടഞ്ഞിരിക്കാനാണോ മുതിരേണ്ടത്? അല്ല! നൂഹ്(അ)ന്റെ ചരിത്രം നമ്മോട് പറയുന്നത് അല്ലാഹുവിൽ ഭരമേൽപിച്ച് മുന്നേറുകയാണ് വേണ്ടത് എന്നാണ്. നൂഹ്(അ) അവരോട് അവരുടെ ഭീഷണിക്ക് മറുപടി പറയുന്നത് കാണുക.

"(നബിയേ,) നീ അവർക്ക് നൂഹിനെപ്പറ്റിയുള്ള വിവരം ഓതികേൾപിക്കുക. അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം: എന്റെ ജനങ്ങളേ, എന്റെ സാന്നിധ്യവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റിയുള്ള എന്റെ ഉൽബോധനവും നിങ്ങൾക്ക് ഒരു വലിയ ഭാരമായിത്തീർന്നിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ മേൽ ഞാനിതാ ഭരമേൽപിച്ചിരിക്കുന്നു. എന്നാൽ നിങ്ങളുടെ കാര്യം നിങ്ങളും നിങ്ങൾ പങ്കാളികളാക്കിയവരും കൂടി തീരുമാനിച്ചുറപ്പിച്ചു കൊള്ളൂ. പിന്നെ നിങ്ങളുടെ കാര്യത്തിൽ (തീരുമാനത്തിൽ) നിങ്ങൾക്ക് ഒരു അവ്യക്തതയും ഉണ്ടായിരിക്കരുത്. എന്നിട്ട് എന്റെ നേരെ നിങ്ങൾ (ആ തീരുമാനം) നടപ്പിൽ വരുത്തൂ. എനിക്ക് നിങ്ങൾ ഇടതരികയേ വേണ്ട" (10:71).

ഞാൻ പറയുന്നതെല്ലാം നിങ്ങൾക്ക് അംഗീകരിക്കാൻ പറ്റാത്തതും നിങ്ങൾക്ക് ഭാരമുണ്ടാക്കുന്നവയുമാണെങ്കിൽ നിങ്ങൾ എനിക്കെതിരിൽ എന്താണോ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് അത് ചെയ്തുകൊള്ളുക എന്ന് ആ ജനതയോട് എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ച് നൂഹ്(അ) പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ അല്ലാഹുവിലുള്ള അർപ്പണ ബോധത്തിന്റെയും ജനങ്ങളോടുള്ള ഗുണകാംക്ഷയുടെയും പൂർണതയാണ് നമുക്കിതിൽ കാണാൻ കഴിയുന്നത്. ഏറെ പ്രതിസന്ധികളുണ്ടായിട്ടും എല്ലാം അല്ലാഹുവിൽ അർപ്പിച്ച് സഹനത്തോടെ മുന്നേറി. എന്നാൽ ആ ജനത അവരുടെ അഹങ്കാരത്തിൽ തന്നെ ഉറച്ചു നിന്നു.

"അവർ പറഞ്ഞു: (ജനങ്ങളേ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊക്, നസ്ർ എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്" (71:23).

'നൂഹിന്റെ ഈ പുത്തൻ വാദങ്ങളൊന്നും നമുക്ക് വേണ്ട. നമുക്ക് നമ്മുടെ പൂർവ പിതാക്കളെ പിന്തുടരാം' എന്നായിരുന്നു അവരുടെ ഉറച്ച നിലപാട്. പൂർവികർ ഈ വിഗ്രഹങ്ങളോട് സങ്കടം ബോധിപ്പിക്കുന്നവരും അവയുടെ മുന്നിൽ ഭജനമിരിക്കുന്നവരുമായിരുന്നല്ലോ. അവരാരും നൂഹ്(അ) പറയുന്ന വിശ്വാസക്കാരായിരുന്നില്ല. അതിനാൽ നൂഹിന്റെ വാദം 'തോട്ടിലെറിയാം.' പൂർവ പിതാക്കളും കാരണവന്മാരും ആരാധിച്ച വദ്ദ്, സുവാഅ്, യഗൂഥ്, യഊക്, നസ്ർ എന്നിവരെ ഒഴിവാക്കേണ്ട!

നൂഹ്(അ)നെ അവരുടെ ഈ തീരുമാനങ്ങളെല്ലാം വ്യസനപ്പിച്ചെങ്കിലും 950 കൊല്ലം സഹനത്തോടെ അവരെ ശിർക്കിൽ നിന്ന് രക്ഷപ്പെടുത്താൻ പരിശ്രമിച്ചു. അവരാകട്ടെ അവരുടെ ശാഠ്യം ഒഴിവാക്കാതെ ശിർക്കിൽ തന്നെ ഉറച്ചുനിന്നു. അവസാനം അല്ലാഹു നൂഹ്(അ)നോട് പറഞ്ഞു:

"നിന്റെ ജനതയിൽ നിന്ന് വിശ്വസിച്ചുകഴിഞ്ഞിട്ടുള്ളവരല്ലാതെ ഇനിയാരും വിശ്വസിക്കുകയേയില്ല. അതിനാൽ അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റി നീ സങ്കടപ്പെടരുത് എന്ന് നൂഹിന് സന്ദേശം നൽകപ്പെട്ടു" (11:36). ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

**പി.എൻ. അബ്ദുല്ലത്വീഫ് മദനി**
pnmadani@gmail.com

ലേഖനം



# പാക്കിസ്ഥാനിയായ മോഷ്ടാവും ശൈഖ് ഇബ്നുബാസും

**അ**യാൾ തന്നെ തുടങ്ങട്ടെ: "ഞാൻ പത്ത് വർഷങ്ങൾക്കു മുമ്പ് ത്വാഇഫിലെ ഒരു വ്യവസായ ശാലയിൽ പാറാവുകാരനായി ജോലിയെടുത്തു വരികയായിരുന്നു. അതിനിടയിൽ ഒരു സങ്കടവാർത്ത കടൽ കടന്നെത്തി. എന്റെ മാതാവിന് ഗുരുതരമായ രോഗം ബാധിച്ചിരിക്കുന്നു. കിഡ്നി മാറ്റിവെക്കുന്ന ഓപ്പറേഷൻ നടത്തണം. കിട്ടിയ വിവരമനുസരിച്ച് 7000 സൗദി രിയാലിന്നു തുല്യമായ സംഖ്യ വേണം. കയ്യിലുള്ളതാകട്ടെ അരമുറുക്കി സ്വരൂപിച്ച 1000 രിയാൽ മാത്രം. പലരോടും കടം ചോദിച്ചു. കിട്ടിയില്ല. ജോലി ചെയ്യുന്ന കമ്പനിയിൽ നിന്ന് ലോൺ ആവശ്യപ്പെട്ട് നോക്കി. അവർ നിരസിച്ചു.

മാതാവിന്റെ രോഗം ദിനം പ്രതി കൂടിവരുന്നതായും ഒരാഴ്ചക്കുള്ളിൽ ഓപറേഷൻ നടന്നില്ലെങ്കിൽ ജീവൻ നിലനിർത്തുക പ്രയാസമായിരിക്കുമെന്നും നാട്ടിൽ നിന്നുള്ള മുന്നറിയിപ്പെത്തി. എന്ത് ചെയ്യും? തന്നെ ഊണും ഉറക്കവുമൊഴിച്ചു വളർത്തി വലുതാക്കിയ ഉമ്മയുടെ രോഗം... ചികിൽസിക്കാൻ പണമില്ലാത്തതിന്റെ വിഷമം... മനസ്സിന്റെ നിയന്ത്രണം നഷ്ടപ്പെട്ടുപോകുന്ന അവസ്ഥ. ആ ദിവസം മുഴുവൻ കരഞ്ഞു തീർത്തു. ഒടുവിൽ ആ സാഹസത്തിന്നു തയ്യാറായി.

ഭവനഭേദനം! രാത്രി രണ്ടു മണിയായിക്കാണും. ജോലിസ്ഥലത്തിനടുത്തുള്ള ഒരു വീടിന്റെ മതിൽചാടി അകത്തെത്തി. മുൻപരിചയമില്ലാത്ത ഒരു വേലയുടെ തത്രപ്പാടുണ്ടാക്കിയ ശബ്ദം വീട്ടുകാരെ ഉണർത്തി! കൂട്ടബഹളത്തിന്നിടയിൽ കുതിച്ചെത്തിയ പോലീസുകാർ വാരിയെടുത്ത് അവരുടെ വാഹനത്തിലേക്കെറിഞ്ഞ് കുതിച്ചോടി. എന്റെ കണ്ണിൽ ഇരുട്ട് പടർന്നു. എന്നാൽ അത്ഭുതമെന്നു പറയട്ടെ, നേരം പുലരുന്നതിന്നു മുമ്പു തന്നെ മോഷണത്തിന്നു ചാടിയിറങ്ങിയ അതേ വീട്ടിലേക്കു പോലീസുകാർ തിരികെ കൊണ്ടുവന്നു. ആ വീട്ടിലെ മജ്‌ലിസിലേക്ക് എന്നെ കയറ്റിയിരുത്തി പോലീസുകാർ തിരിച്ച് പോയി. അൽപ സമയത്തിന്നു

ള്ളിൽ ഒരു ചെറുപ്പക്കാരൻ ആഹാരവുമയിട്ടെത്തിയിട്ട് പറഞ്ഞു: 'ബിസ്മി ചൊല്ലി കഴിക്കൂ.' നടക്കുന്നതൊന്നും എനിക്കു വിശ്വസിക്കാനായില്ല. സുബ്ഹി ബാങ്കു കൊടുത്തപ്പോൾ അവരെന്നോട് വുദൂഅ് എടുത്തു നമസ്കാരത്തിന്ന് തയ്യാറാവാൻ പറഞ്ഞു. ഞാൻ ആ സമയം ചകിതനായി എന്റെ നിലയോർത്ത് തലതാഴ്ത്തിയിരിക്കുകയായിരുന്നു. അൽപം കഴിഞ്ഞപ്പോൾ ഒരു വയോധികനെ ഒരു യുവാവു കൈപിടിച്ചു ആ സദസ്സിലേക്കു കൊണ്ടു വന്നു. അദ്ദേഹം 'ബിശ്ത് (ദിശ്ദാശക്കു മുകളിലിടുന്ന ആചാര വസ്ത്രം) ധരിച്ചിട്ടുണ്ട്. എന്റെ അടുത്ത് വന്ന് കൈപിടിച്ച് സലാം ചൊല്ലി. ഭക്ഷണം കഴിച്ചില്ലേ എന്നു ചോദിച്ചു. അതെ എന്ന് ഞാൻ മറുപടി പറഞ്ഞു. എന്റെ വലതു കൈ പിടിച്ചു അദ്ദേഹം പള്ളിയിലേക്കു നടന്നു. ഞങ്ങൾ സുബ്ഹ് നമസ്കരിച്ചു. പന്നീട് മസ്ജിദിന്റെ മുൻഭാഗത്തായി ഒരുക്കിവെച്ച കസേരയിൽ അദ്ദേഹം ഇരുപ്പുറപ്പിച്ചു. നമസ്കാരത്തിനെത്തിയവരടക്കം ധാരാളം പേർ ആ കസേരക്കു ചുറ്റും ആ വയോധികന്റെ സംസാരം കേൾക്കാൻ കാതോർത്തു. ലജ്ജകൊണ്ടും ആശങ്കകൊണ്ടും ഞാൻ തലയിൽ കൈ വെച്ചു പോയി! അല്ലാഹുവേ, എന്തു വിഡ്ഢിത്തമാണു ഞാൻ ചെയ്തത്? ഞാൻ കളവു നടത്താൻ കയറിച്ചെന്നതു ശൈഖ് ഇബ്നു ബാസിന്റെ വീട്ടിലേക്കോ? അദ്ദേഹത്തെ പേരുകൊണ്ട് അറിയാം. ഞങ്ങളുടെ നാടായ പാക്കിസ്ഥാനിൽ അദ്ദേഹം പ്രസിദ്ധനാണ്.

ക്ലാസ്സ് കഴിഞ്ഞപ്പോൾ വീണ്ടും അവരെന്നെ ശൈഖിന്റെ വീട്ടിലേക്കു തന്നെ കൂട്ടിക്കൊണ്ടു പോയി. ശൈഖ് എന്റെ കൈപിടിച്ചിരുത്തി. നിരവധി ചെറുപ്പക്കാരോടൊപ്പം ഞങ്ങൾ പ്രഭാത ഭക്ഷണം കഴിച്ചു. ശൈഖ് എന്നെ അദ്ദേഹത്തിന്റെ അരികിലേക്ക് അടുപ്പിച്ചിരുത്തി. ആഹാരം കഴിക്കുന്നതിന്നിടയിൽ ചോദിച്ചു: 'പേരെന്താ?' 'മുർത്തദാ!' 'എന്തിനാണു മോഷ്ടിക്കാൻ തുനിഞ്ഞത്?' അപ്പോൾ ഞാൻ എന്റെ കഥയുടെ ചുരുളുകൾ നിവർത്തി. കഥ കേട്ടുകഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'നിനക്ക് ഞാൻ 9000 റിയാൽ തരാം.' 'അത്രയും വേണ്ട. എനിക്ക് 7000 റിയാലിന്റെ ആവശ്യമേ ഉള്ളൂ.' 'അതാവട്ടെ, ബാക്കി നിന്റെ ചെലവിന്നുമെടുക്കുക. പക്ഷേ, ഒരു കാര്യം; മേലാൽ മോഷണത്തിന് മുതിരരുത്.' ഞാൻ പണം വാങ്ങി അദ്ദേഹത്തിന്നു നന്ദി പറഞ്ഞു പാക്കിസ്താനിലേക്കു പറന്നു. മാതാവിന്റെ ഓപറേഷൻ നടന്നു. അവർ അല്ലാഹുവിന്റെ തുണയാൽ സുഖം പ്രാപിച്ചു. അഞ്ച് മാസങ്ങൾക്കു ശേഷം ഞാൻ സൗദിയിൽ തിരികെയെത്തി. ശൈഖ് അപ്പോൾ രിയാദിലാണെന്നറിഞ്ഞപ്പോൾ അങ്ങോട്ട് അദ്ദേഹത്തെ തിരക്കിച്ചെന്നു. അദ്ദേഹത്തിന്റെ വീട്ടിലെത്തിയ ഞാൻ സ്വയം പരിചയപ്പെടുത്തി. അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു. ഉമ്മയുടെ രോഗവിവരങ്ങൾ ചോദിച്ചറിഞ്ഞു. ബാക്കിയുണ്ടായിരുന്ന 1500 രിയാൽ തിരികെ കൊടുത്തപ്പോൾ അതു നിന്റെ ആവശ്യത്തിന്നു തന്നെ ഉപയോഗിക്കുക എന്നു പറഞ്ഞു വാങ്ങാൻ വിസമ്മതിച്ചു.

'ശൈഖ്! എനിക്കു താങ്കളോട് ഒരു വിനീതമായ അപേക്ഷയുണ്ട്.' ഞാൻ പറഞ്ഞു. 'അതെന്താ കുട്ടീ?' അദ്ദേഹം ആകാംക്ഷയോടെ ചോദിച്ചു. 'എനിക്ക് താങ്കളുടെ ഭൃത്യനായി താങ്കളോടൊത്തു കഴിയണം. എന്റെ ഈ വിനീതമായ അപേക്ഷ തള്ളരുത്.' നല്ലത് എന്ന് പറഞ്ഞ് അദ്ദേഹം എന്റെ ആവശ്യം അംഗീകരിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ മരണം വരെ ആദ്ദേഹത്തിന്നു സേവനം ചെയ്ത് കഴിയാൻ എനിക്കു സൗഭാഗ്യമുണ്ടായി.

ശൈഖിനോട് അടുപ്പമുണ്ടായിരുന്ന ഒരു യുവാവ് എന്റെ കഥയുടെ ചില അനുബന്ധങ്ങൾ പിന്നീട് എന്നോട് പറയുകയുണ്ടായി: "അന്ന് മോഷണത്തിന്നായി താങ്കൾ മതിൽ ചാടിയ നേരത്ത് ശൈഖ് രാത്രി നമസ്കാരം നിർവഹിക്കുകയായിരുന്നു. വീടിന്റെ പരിസരത്ത് അസാധാരണ ശബ്ദം കേട്ടപ്പോൾ അദ്ദേഹം ബെൽ അമർത്തി. സാധാരണ എല്ലാ ദിവസവും നമസ്കാരങ്ങൾക്കായി വീട്ടുകാരെ വിളിച്ചുണർത്താൻ അദ്ദേഹം ഉപയോഗിക്കുന്ന ബെല്ലായിരുന്നു അത്. അസമയത്ത് ബെല്ലു കേട്ട് എല്ലാവരും ഉറക്കമുണർന്നു. അദ്ദേഹം ശബ്ദം കേട്ടകാര്യം പറഞ്ഞപ്പോൾ കാവൽക്കാരിലൊരാൾ പോലീസിനെ വിളിച്ചു വരുത്തി. അവർ താങ്കളെ പിടികൂടി. അത് ശൈഖ് അറിഞ്ഞു. മോഷ്ടിക്കാൻ വന്നവനെ പൊലീസ് കൊണ്ടുപോയി എന്നറിഞ്ഞപ്പോൾ അദ്ദേഹം കുപിതനായി. 'പറ്റില്ല... പറ്റില്ല.... പൊലീസിനെ വിളിക്കൂ. അയാളെ തിരികെ കൊണ്ടു വരട്ടെ. എന്തെങ്കിലും അത്യാവശ്യമുള്ളതു കൊണ്ടായിരിക്കണം അയാൾ അതിന്നു മുതിർന്നത്' എന്ന് ശഠിച്ചു. അതുകൊണ്ടാണ് താനും മാതാവും രക്ഷപ്പെട്ടത്."

ഇത് പറയുമ്പോൾ ആ പാക്കിസ്ഥാൻ സ്വദേശിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ജീവിത വിശുദ്ധി കാത്തുസൂക്ഷിച്ച് ജീവിച്ച അന്ധനായിരുന്ന ആ മഹാപണ്ഡിതൻ ഇസ്‌ലാമിനു വേണ്ടി ചെയ്ത സേവനങ്ങൾ ചെറുതല്ല. അല്ലാഹു അദ്ദേഹത്തിന്റെ ക്വബ്റിനെ പ്രകാശപൂരിതമാക്കി കൊടുക്കുമാറാകട്ടെ.

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# അസൂയ

നീതിയോടെ അല്ലാഹു ഉപജിവനം തന്റെ സൃഷ്ടികൾക്കിടയിൽ വീതിച്ചിരിക്കുന്നു. ചിലർക്ക് ചിലരെക്കാൾ കൂടുതൽ നൽകി. അതും അല്ലാഹുവിന്റെ യുക്തിയുടെ ഭാഗമാണ്:

“അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപജീവനത്തിന്റെ കാര്യത്തിൽ മെച്ചപ്പെട്ടവരാക്കിയിരിക്കുന്നു. എന്നാൽ (ജീവിതത്തിൽ) മെച്ചം ലഭിച്ചവർ തങ്ങളുടെ ഉപജീവനം തങ്ങളുടെ വലതുകൈകൾ അധീനപ്പെടുത്തിവെച്ചിട്ടുള്ളവർ(അടിമകൾ)ക്ക് വിട്ടുകൊടുക്കുകയും അങ്ങനെ ഉപജീവനത്തിൽ അവർ (അടിമയും ഉടമയും) തുല്യരാകുകയും ചെയ്യുന്നില്ല. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്തെയാണോ അവർ നിഷേധിക്കുന്നത്?” (ക്വുർആൻ 16:71).

ഉപജീവനം പലതരത്തിലാണ്. പരീക്ഷണം എന്ന നിലയ്ക്ക് പലരിലും ഏറ്റക്കുറച്ചിലുകൾ കാണാം. ഉള്ളവർ നന്ദികാണിക്കാനും ഇല്ലാത്തവർ ക്ഷമിക്കാനുമാണ് ഇപ്രകാരം അല്ലാഹു ചെയ്യുന്നത്. അല്ലാഹുവിന്റെ ഉദേശങ്ങൾക്കു മുമ്പിൽ കീഴൊതുങ്ങുന്ന രണ്ടു പ്രകടരീതികളാണ് നന്ദിയും ക്ഷമയും. അല്ലാഹു സൃഷ്ടികളോട് കരുണയുള്ളവനാണ്. ആർക്ക് എത്ര നൽകണമെന്ന് അവനു നന്നായി അറിയാം. ചിലപ്പോൾ കൂടുതൽ കൊടുക്കുന്നത് സൃഷ്ടിയെ സംബന്ധിച്ചിടത്തോളം ദോഷമായിരിക്കാം. അത് സൃഷ്ടി അറിഞ്ഞുകൊള്ളണമെന്നില്ല.

അല്ലാഹു എന്തു ചെയ്താലും അതിന് അവകാശമുള്ളവനാണവൻ. അവനാണ് അധികാരമുള്ളവൻ. അധികാരമുള്ളവൻ തന്റെ അധികാരത്തിൽ ചെയ്യുന്നത് നീതിയാണ്; അക്രമമല്ല. അല്ലാഹു കൈകാര്യം ചെയ്യുന്ന കാര്യത്തോട് എതിർപ്പ് പ്രകടിപ്പിക്കുക എന്നത് ദുസ്സ്വഭാവമാണ്. അടിമ എന്ന അവസ്ഥയിൽ നിന്നും തെന്നിപ്പോകലാണ്. അല്ലാഹുവാകട്ടെ തന്റെ തീരുമാനങ്ങളെ മാറ്റുന്നവനല്ല. അവന്റെ തീരുമാനത്തെ ഇല്ലാതാക്കാനും ലോകത്തൊരാൾക്കും സാധ്യവുമല്ല.

അല്ലാഹു തന്റെ അടിമകൾക്ക് ചെയ്തുകൊടുത്ത അനുഗ്രഹങ്ങളിൽ ചില ആളുകളുടെ മനസ്സുകൾക്കുണ്ടാകുന്ന ഒരു തരം നീറ്റലാണ് ‘അസൂയ’ എന്ന് പറയുന്ന രോഗം.

മനുഷ്യകുലത്തിന്റെ തുടക്കം മുതലേ ഈ രോഗമുണ്ട്. ആദം നബി(അ)ക്ക് സുജൂദ് ചെയ്യാതിരിക്കാനും രക്ഷിതാവിന്റെ കാരുണ്യത്തിൽ നിന്ന് അകന്ന് പോകാനും ഇബ്‌ലീസിനെ പ്രേരിപ്പിച്ചത് അഹങ്കാരവും അസൂയയുമായിരുന്നു:

"അവൻ പറഞ്ഞു: എന്നെക്കാൾ നീ ആദരിച്ചിട്ടുള്ള ഇവനാരെന്ന് നീ എനിക്ക് പറഞ്ഞുതരൂ. തീർച്ചയായും ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ നീ എനിക്ക് അവധി നീട്ടിത്തരുന്ന പക്ഷം, ഇവന്റെ സന്തതികളിൽ ചുരുക്കം പേരൊഴിച്ച് എല്ലാവരെയും ഞാൻ കീഴ്‌പെടുത്തുക തന്നെ ചെയ്യും" (ക്വുർആൻ 17:62).

ലോകത്ത് നടന്ന ഒന്നാമത്തെ കൊലപാതകത്തിന്റെ കാരണവും അസൂയ തന്നെയായിരുന്നു: "(നബിയേ,) നീ അവർക്ക് ആദമിന്റെ രണ്ടു പുത്രൻമാരുടെ വൃത്താന്തം സത്യപ്രകാരം പറഞ്ഞു കേൾപിക്കുക: അവർ ഇരുവരും ഓരോ ബലിയർപ്പിച്ച സന്ദർഭം, ഒരാളിൽ നിന്ന് ബലി സ്വീകരിക്കപ്പെട്ടു. മറ്റവനിൽ നിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: ഞാൻ നിന്നെ കൊലപ്പെടുത്തുക തന്നെ ചെയ്യും. അവൻ (ബലിസ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: ധർമനിഷ്ഠയുള്ളവരിൽ നിന്നു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ" (ക്വുർആൻ 5:27).

അസൂയയുടെ ദോഷത്തിൽ നിന്നും രക്ഷതേടാൻ അല്ലാഹു നമ്മോട് കൽപിച്ചു എന്നത് അസൂയയുടെ ഗൗരവത്തെ സൂചിപ്പിക്കുന്നു: "അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും" (113:5). നിരോധന സ്വരത്തിൽ അല്ലാഹു ഇപ്രകാരം ചോദിക്കുന്നുമുണ്ട്: "അതല്ല, അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് മറ്റു മനുഷ്യർക്ക് നൽകിയിട്ടുള്ളതിന്റെ പേരിൽ അവർ അസൂയപ്പെടുകയാണോ?..." (4:54).


"...ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (59:9).

നബി(സ്വ)യെ നിഷേധിക്കാൻ കാരണമായി മാറിയതും ഞങ്ങളിൽ നിന്നുള്ള ഒരാൾക്ക് പ്രവാചകത്വം ലഭിച്ചില്ലല്ലോ എന്ന അസൂയതന്നെയായിരുന്നു: "നിങ്ങൾ സത്യവിശ്വാസം സ്വീകരിച്ച ശേഷം നിങ്ങളെ അവിശ്വാസികളാക്കി മാറ്റിയെടുക്കുവാനാണ് വേദക്കാരിൽ മിക്കവരും ആഗ്രഹിക്കുന്നത്. സത്യം വ്യക്തമായി ബോധ്യപ്പെട്ടിട്ടും സ്വാർഥപരമായ അസൂയ നിമിത്തമാണ് (അവരാ നിലപാട് സ്വീകരിക്കുന്നത്)..." (2:109).

'അല്ലാഹുവിന്റെ അടിമകളേ, നിങ്ങൾ സഹോദരങ്ങളാകണം. നിങ്ങൾ അസൂയ കാണിക്കരുത്' എന്ന് പ്രത്യേകം നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട് (മുസ്‌ലിം). സ്വർഗക്കാരനായ ഒരാൾ ഇപ്പോൾ നിങ്ങളിലേക്ക് വരുമെന്ന് നബി(സ്വ) ഒരിക്കൽ അനുചരന്മാരോട് പറഞ്ഞു: അങ്ങനെ ഇടതുകയ്യിൽ ചെരുപ്പുകൾ തൂക്കിപ്പിടിച്ച് കൊണ്ട് താടിയിൽ നിന്ന് വുദൂഇന്റെ വെള്ളം ഇറ്റിവീഴുന്ന നിലയ്ക്ക് ഒരു സ്വഹാബി അവിടെ കയറി വന്നു. മൂന്ന് ദിവസം ഇതാവർത്തിച്ചു. അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്(റ) ഈ സ്വഹാബിയുടെ കൂടെ അദ്ദേഹത്തിന്റെ വീട്ടിലേക്ക്പോയി. നബി(സ്വ) ഇദ്ദേഹത്തെക്കുറിച്ച് സ്വർഗക്കാരൻ എന്നു പറയാൻ മാത്രം എന്തു സൽകർമമാണ് ചെയ്യുന്നതെന്നറിയാനാണ് അദ്ദേഹം കൂടെ പോയത്. പക്ഷേ, തങ്ങൾ ചെയ്യുന്നതിൽ നിന്നും വ്യത്യസ്തമായി കർമങ്ങളൊന്നും അദ്ദേഹം ചെയ്യുന്നില്ല എന്ന് കണ്ടപ്പോൾ അബ്ദുല്ല(റ) അദ്ദേഹത്തോട് ചോദിച്ചു: 'എന്തുകൊണ്ടാണ് നബി(സ്വ) അങ്ങയെക്കുറിച്ച് സ്വർഗക്കാരനെന്നു പറഞ്ഞത്?' അദ്ദേഹം പറഞ്ഞു: 'എന്റെ മനസ്സിൽ ഒരു മുസ്‌ലിമിനോടും പകയില്ല. അല്ലാഹു നന്മനൽകിയതിൽ എനിക്കാരോടും അസൂയയില്ല.' അബ്ദുല്ല(റ) പറഞ്ഞു: 'ഇതാണുകാരണം അല്ലേ? ഞങ്ങളെ കൊണ്ട് സാധിക്കാത്തതും ഇതുതന്നെയാണ്' (അഹ്‌മദ്).

അസൂയയെന്ന തിന്മയുടെ ഒട്ടനവധി ദുഷ്ഫലങ്ങൾ മുൻഗാമികൾ വിശദീകരിച്ചിട്ടുണ്ട്. അലിയ്യുബ്നു അബീത്വാലിബ് (റ) പറയുന്നു: 'അസൂയയിലൂടെ ഒരു വ്യക്തി സ്വന്തത്തെ കൊല്ലുന്നു. നിത്യമായ ദുഃഖം ഏറ്റെടുക്കുന്നു. പുകഞ്ഞുകൊണ്ടിരിക്കുന്ന ചിന്തയും തകരുന്ന് ഹൃദയവും അസൂയയുടെ ഭാഗമായിലഭിക്കുന്ന രോഗങ്ങളാണ്.'

മറ്റുള്ളവർ അനുഗ്രഹങ്ങളിൽ സുഖിക്കുന്ന പോലെ അസൂയാലു മനോവേദനയിൽ സദാ വിഹരിക്കുന്നു. പരലോകത്തും അസൂയ ഏറെ ദോഷം ചെയ്യുന്നതാണ്. കാരണം അസൂയാലു താൻ ആരോ



ടാണോ അസൂയ കാണിക്കുന്നത് അവനെക്കുറിച്ച് കളവ് പറയും. ഏഷണിയും പരദൂഷണവും പറയും. അവന്റെ അനുഗ്രഹങ്ങൾ നീങ്ങിപ്പോയാലല്ലാതെ ഇവന് സ്വസ്ഥതയില്ല. ഇതെല്ലാം തന്നെ അവന്റെ സൽകർമങ്ങൾ നഷ്ടപ്പെടാനും പരലോകത്ത് വിനയാകാനും കാരണങ്ങളാണ്. അല്ലാഹുവിന്റെ കോപത്തിന് ഇത്തരം സ്വഭാവങ്ങൾ കാരണമാകുമെന്നതിൽ സംശയമില്ല. അസൂയയുടെ അഗ്നി ആളിക്കത്തിയാൽ പച്ചയും ഉണങ്ങിയതും എല്ലാം ചാമ്പലാകും. സ്വയം മറന്ന് സകല തിന്മകളും ചെയ്യും.

പരസ്പര ബന്ധങ്ങളും കടമകളും നിർവഹിക്കാൻ പ്രേരിപ്പിക്കുന്ന രീതിയിലാണ് ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ. മുസ്‌ലിംകൾ ഒറ്റ ശരീരമാണ്. പരസ്പരം സഹകരിക്കേണ്ടവരും സഹായിക്കേണ്ടവരും ഗുണകാംക്ഷ കാണിക്കേണ്ടവരുമാണ്. ഇതിന് വിഘ്നം വരുത്തുന്ന ഒന്നാണ് അസൂയ. അതിനാൽ തന്നെ നിങ്ങൾ അസൂയകാണിക്കരുത് എന്ന് നബി(സ്വ) പ്രത്യേകം പഠിപ്പിച്ചു. കാരണം അസൂയയുടെ തീപ്പൊരി ഹൃദയത്തിൽ ഏറ്റുകഴിഞ്ഞാൽ സ്നേഹബന്ധങ്ങളെ അതു കരിച്ച്കളയും. കൂട്ടുകെട്ടുകളെ തകർത്തുകളയും. ശത്രുതയുടെ വിത്തുകൾ മുളക്കും. സമൂഹത്തിൽ ഛിദ്രതയുണ്ടാകും.

മറ്റുള്ളവർക്ക് നൽകപ്പെട്ട അനുഗ്രഹങ്ങൾ നീങ്ങിപ്പോകാൻ ആഗ്രഹിക്കാതെ അതേ അനുഗ്രഹങ്ങൾ തനിക്കുമുണ്ടാകാൻ ആഗ്രഹിക്കൽ അസൂയയല്ല. ഈ ആഗ്രഹം ഉണ്ടാകുമ്പോഴേ തനിക്കും നന്മയുണ്ടാകാൻ വേണ്ടി ഒരുവ്യക്തി പ്രയത്നിക്കുകയുള്ളൂ. അതോടൊപ്പം മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കുകയും വേണം. മുആവിയ(റ) പറയുന്നു: 'ഏതൊരാളെയും തൃപ്തിപ്പെടുത്താൻ എനിക്ക് സാധിക്കും. അസൂയാലുവിനെ ഒഴികെ. കാരണം മറ്റുള്ളവന്റെ അനുഗ്രഹം നീങ്ങിപ്പോയാലല്ലാതെ അവൻ തൃപ്തിപ്പെടുകയില്ല.'

അസൂയക്ക് ഒരുപാട് കാരണങ്ങൾ പ്രത്യക്ഷത്തിൽ നമുക്ക് കാണാൻ സാധിക്കും. അത്തരം കാരണങ്ങളിൽ നിന്ന് അകന്നു നിൽക്കലാണ് അസൂയയിൽ നിന്ന് മുക്തിനേടാനുള്ള മാർഗം. ശത്രുത, അഹങ്കാരം, മനസ്സിന്റെ ദൂഷ്യത തുടങ്ങിയ അവയിൽ ചിലതുമാത്രം.

തങ്ങളുടെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും നടക്കാതെ പോകുമോ എന്ന ഭയവും അസൂയക്കു കാരണമാണ്. യൂസുഫ് നബി(അ)യോട് സഹോദരന്മാർ കാണിച്ച അസൂയ ഈ ഇനത്തിൽ പെട്ടതായിരുന്നു. പിതാവിന്റെ സ്നേഹം തങ്ങളിലേക്ക് ലഭിക്കാനായിരുന്നു യൂസുഫ് നബിയെ കൊല്ലാൻ പ്ലാനിട്ടത്. അല്ലാഹു പറയുന്നതുകാണുക: "നിങ്ങൾ യൂസുഫിനെ കൊന്നുകളയുക. അല്ലെങ്കിൽ വല്ല ഭൂപ്രദേശത്തും അവനെ (കൊണ്ടുപോയി) ഇട്ടേക്കുക. എങ്കിൽ നിങ്ങളുടെ പിതാവിന്റെ മുഖം നിങ്ങൾക്ക് ഒഴിഞ്ഞ് കിട്ടും. അതിന് ശേഷം നിങ്ങൾക്ക് നല്ല ആളുകളായികഴിയുകയും ചെയ്യാം എന്ന് അവർ പറഞ്ഞ സന്ദർഭം(ശ്രദ്ധേയമത്രെ)."(12:9).

അല്ലാഹു ഒരു വ്യക്തിക്ക് നൽകിയ അനുഗ്രഹത്തിൽ വെറുപ്പ് പ്രകടിപ്പിക്കലാണ് അസൂയ. തനിക്കാവശ്യമുണ്ടായിട്ടല്ല, മറിച്ച് അവനെന്തിന് ഇതു നൽകി എന്ന ദുഷിച്ച ചിന്തയാണിവിടെ പ്രവർത്തിക്കുന്നത്. അല്ലാഹുവിന്റെ വിധിയിൽ തൃപ്തിയില്ലായ്മയാണിത്. ഇതാണ് അസൂയയുടെ ഏറ്റവും ദുഷിച്ച അവസ്ഥ. മേൽ സൂചിപ്പിച്ച കാരണങ്ങൾ വർധിക്കുന്നതിനനുസരിച്ച് അസൂയയുടെ കടുപ്പവും വർധിച്ചുകൊണ്ടിരിക്കും.

എന്തുണ്ട് പരിഹാരം? അസൂയയുമായി ഒരിക്കലും മുന്നോട്ട് പോകാൻ കഴിയില്ല. അസൂയാലു മനസ്സിലാക്കുക; തന്റെ അസൂയകൊണ്ട് ആ വ്യക്തിയുടെ അനുഗ്രഹം ഒരിക്കലും നീങ്ങിപ്പോകുന്നതല്ല എന്ന്. ഈ ബോധമാണ് ഒന്നാമത്തെ പരിഹാരം.

രണ്ടാമത്തേത്, അല്ലാഹുവിന്റെ കോപത്തിന് ഞാൻ വിധേയനാവുകയാണെന്ന് ഓർക്കുക. കാരണം അല്ലാഹുവിന്റെ വീതം വെക്കലിനെയാണ് ഇവിടെ അസൂയാലു വെറുക്കുന്നത്.

"അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്ക്വെച്ചു കൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്ക്വെച്ചു കൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചു വെക്കുന്നതിനെക്കാൾ ഉത്തമം" (43:32).

തനിക്ക് അനുഗ്രഹങ്ങൾ ലഭിക്കണമെന്നും അതിൽ വർധനവ് ഉണ്ടാകണമെന്നുമാണല്ലോ ഏതൊരാളും ആഗ്രഹിക്കുന്നത്. താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയില്ല എന്ന ഹദീസിന്ന് എതിര് പ്രവർത്തിക്കലാണ് അസൂയ കാണിക്കുക എന്നത്. മുഹാജിറുകളെ സ്നേഹിച്ച അൻസ്വാറുകളെക്കുറിച്ച് അല്ലാഹു പറയുന്നു: "അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും." (59:9).

ഡോ. അബ്ദുർറസ്സാക് അൽബദർ
വിവ. അബ്ദുൽ ജബ്ബാർ അബ്ദുല്ല

വിവർത്തനം

സ്ത്രീ ഇസ്‌ലാമിന്റെ തണലിൽ: 5



# ഇസ്‌ലാമിന്റെ തണലിൽ സ്ത്രീ സുരക്ഷിതയാണ്

ഇസ്‌ലാമിന്റെ ഋജുവായ അധ്യപനങ്ങളുടെയും യുക്തിഭദ്രമായ നിർദേശങ്ങളുടെയും തണലിൽ മാന്യമായ ജീവിതമാണ് മുസ്‌ലിം സ്ത്രീ നയിക്കുന്നത്. ഭൗതിക ജീവിതത്തിലേക്ക് അവൾ ആഗതമാകുന്ന ആദ്യനാൾ മുതൽ മകൾ, മാതാവ്, ഭാര്യ, സഹോദരി, മാതൃസഹോദരി, പിതൃസഹോദരി തുടങ്ങി അവളുടെ ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിലും നിറഞ്ഞ ബഹുമാനത്തോടും ആദരവോടും കൂടിയാണത്. ജീവിതത്തിലെ ഈ ഓരോ സാഹചര്യത്തിലും അവൾക്ക് പ്രത്യേകമായ അവകാശങ്ങളും സ്‌നേഹത്തിന്റെയും ബഹുമാനാദരവിന്റെയും വിഹിതവുമുണ്ട്.

1. പുത്രിയാകുമ്പോൾ: മകളോട് പെരുമാറ്റം നന്നാക്കുവാനും അവളുടെ ആത്മീയ വളർച്ചയിലും പരിപാലനത്തിലും സംസ്‌കരണത്തിലും ശ്രദ്ധിക്കുവാനും ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു. സൽഗുണ സമ്പന്നയും പവിത്രയും പതിവ്രതയുമായ സ്ത്രീയായി അവൾ വളരുന്നതിനു വേണ്ടിയാണത്. പെൺകുട്ടിയെ ജീവനോടെ കുഴിച്ചു മൂടുകയും അവളുടെ ജനന വാർത്തയറിഞ്ഞാൽ നീരസപ്പെടുകയും ചെയ്തിരുന്ന അജ്ഞാന കാലക്കാരെ ഇസ്‌ലാം ശക്തമായി ആക്ഷേപിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

"അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്ന് അവൻ ഒളിച്ച് കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല, അതിനെ മണ്ണിൽ കുഴിച്ച് മൂടണമോ (എന്നതായിരിക്കും അവന്റെ ചിന്ത) ശ്രദ്ധിക്കുക: അവർ എടുക്കുന്ന തീരുമാനം എത്ര മോശം!" (ക്വുർആൻ 16:58,59).

മുഗീറത്ത് ഇബ്‌നുശുഅ്ബയി(റ)ൽ നിന്നും നിവേദനം. നബി(സ്വ) പറഞ്ഞു:

"ഉമ്മമാരെ ഉപദ്രവിക്കൽ, താൻ നൽകേണ്ടത് നൽകാതിരിക്കുകയും തനിക്ക് അർഹമല്ലാത്തത് ആവശ്യപ്പെടുകയും ചെയ്യൽ, പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടൽ എന്നിവ അല്ലാഹു നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

ഇബ്‌നുഹജർ(റഹി) പറയുന്നു: "ഇസ്‌ലാമിനു മുമ്പുള്ള അജ്ഞരായ അറബികൾക്ക് പെൺമക്കളെ വധിക്കുന്നതിൽ രണ്ട് രീതികളായിരുന്നു ഉണ്ടായിരുന്നത്: ഒന്ന്, തന്റെ ഭാര്യയുടെ പ്രസവമടുത്താൽ ഒരു കുഴിയുടെ അരികിൽ പ്രസവിക്കുവാൻ ഭർത്താവ് കൽപിക്കുമായിരുന്നു. ആൺകുഞ്ഞിനെയാണ് പ്രസവിച്ചതെങ്കിൽ അതിനെ നിലനിർത്തും. പെൺകുഞ്ഞിനെയാണ് പ്രസവിച്ചതെങ്കിൽ കുഴിയിൽ അതിനെ ഉപേക്ഷിക്കും. രണ്ട്, കുഞ്ഞിന് ആറു വയസ്സ് പ്രായമായാൽ ചിലർ കുഞ്ഞിന്റെ ഉമ്മയോട് അതിനെ അണിയിച്ചൊരുക്കുവാനും സുഗന്ധം പൂശുവാനും ആജ്ഞാപിക്കും. കുഞ്ഞിനെയും കൊ

ണ്ട് ബന്ധുക്കളെ സന്ദർശിക്കുവാനാണെന്ന വ്യാജേനയാണത് ചെയ്യുന്നത്. ശേഷം അവളെയും കൊണ്ട് മരുഭൂമിയിൽ വിദൂരതയിലുള്ള കിണറിനരികിലേക്ക് പോയി അവളോട് പറയും: 'കിണറിലേക്ക് നോക്കൂ.' അവളെ പിന്നിൽ നിന്ന് അതിലേക്കു തള്ളി മണ്ണിട്ടു മൂടിക്കളയുകയും ചെയ്യും."

എന്നാൽ ഇസ്‌ലാം പെൺകുഞ്ഞിനെ അല്ലാഹുവിൽനിന്നുള്ള മഹത്തായ അനുഗ്രവും അമൂല്യമായ ദാന വായ്പുമായാണ് എണ്ണുന്നത്.

"അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു" (ക്വുർആൻ 42: 49,50).

നബി(സ്വ) പറഞ്ഞതായി ഇമാം അഹ്മദ് മുസ്നദിൽ നിവേദനം ചെയ്ത ഹദീഥിൽ ഇപ്രകാരമുണ്ട്:

"ആർക്കെങ്കിലും ഒരു പെൺകുഞ്ഞുണ്ടാവുകയും അവൻ അതിനെ ജീവനോടെ കുഴിച്ചു മൂടാതിരിക്കുകയും അവളെ അപമാനിക്കാതിരിക്കുകയും ആൺകുഞ്ഞിന് അവളെക്കാൾ പ്രാമുഖ്യം കൽപിക്കാതിരിക്കുകയും ചെയ്താൽ അല്ലാഹു അയാളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്."

ഉക്ബത്ത് ഇബ്നുആമിറി(റ)ൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നത് ഞാൻ കേട്ടു: "ആർക്കെങ്കിലും മൂന്ന് പെൺമക്കളുണ്ടാവുകയും അവരുടെ വിഷയത്തിൽ അവൻ ക്ഷമിക്കുകയും അവന്റെ സമ്പാദ്യത്തിൽനിന്ന് അവരെ ധരിപ്പിക്കുകയും ചെയ്താൽ അവർ അവന്ന് നരകത്തിൽ നിന്ന് മറയായിരിക്കും."

തിരുനബി(സ്വ) പറഞ്ഞതായി ഇമാം മുസ്‌ലിം നിവേദനം ചെയ്യുന്നു: "ഒരാൾ രണ്ട് പെൺമക്കളെ പ്രായപൂർത്തിയാകുന്നതുവരെ ചെലവുനൽകി പോറ്റിവളർത്തിയാൽ അയാളും ഞാനും അന്ത്യനാളിൽ വരും. പ്രവാചകൻ തന്റെ വിരലുകൾ ചേർത്തുവെച്ചു."

നബി(സ്വ) പറഞ്ഞതായി ഇമാം അഹ്മദ് മുസ്നദിൽ നിവേദനം ചെയ്യുന്നു:

"ഒരാൾ രണ്ട് പെൺമക്കളെ അല്ലെങ്കിൽ മൂന്ന് പെൺമക്കളെ, രണ്ട് സഹോദരിമാരെ അല്ലെങ്കിൽ മൂന്ന് സഹോദരിമാരെ അവർക്ക് പ്രായപൂർത്തിയാകുന്നതുവരെ അല്ലെങ്കിൽ അയാൾ അവരിൽനിന്ന്




മരിച്ചു പോകുന്നതുവരെ ചെലവുനൽകി പോറ്റിവളർത്തിയാൽ അയാളും ഞാനും സ്വർഗത്തിൽ ഇവ രണ്ടും പോലെയായിരിക്കും." നബി(സ്വ) തന്റെ ചൂണ്ടുവിരൽ കൊണ്ടും മധ്യവിരൽകൊണ്ടും വിരലുകൊണ്ടും സൂചിപ്പിച്ചു.

ജാബിർ ഇബ്നുഅബ്ദുല്ല(റ)യിൽനിന്ന് ഇമാം ബുഖാരി അദബുൽ മുഫ്റദിൽ നിവേദനം ചെയ്യുന്നു. തിരുദൂതർ(സ്വ) പറഞ്ഞു: "ആർക്കെങ്കിലും മൂന്ന് പെൺമക്കളുണ്ടാവുകയും അവർക്ക് അവൻ അഭയം നൽകുകയും അവരെ പോറ്റുകയും അവരോട് കാരുണ്യം കാണിക്കുകയും ചെയ്താൽ അവന് സ്വർഗം നിർബന്ധമായി." ആളുകളിൽനിന്ന് ഒരു വ്യക്തി ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, രണ്ടു പെൺമക്കളാണെങ്കിലോ?" നബി(സ്വ) പറഞ്ഞു: "രണ്ടു പെൺമക്കളാണെങ്കിലും ശരി."

ആഇശ(റ)യിൽനിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു: "നബി(സ്വ)യുടെ അടുക്കലേക്ക് ഒരു അഅ്റാബി വന്നു. അയാൾ ചോദിച്ചു: 'നിങ്ങൾ നിങ്ങളുടെ കുട്ടികളെ ചുംബിക്കുമോ? ഞങ്ങൾ ചുംബിക്കാറില്ല.' നബി(സ്വ) പറഞ്ഞു: 'നിന്റെ ഹൃദയത്തിൽ നിന്ന് കാരുണ്യത്തെ അല്ലാഹു എടുത്ത് മാറ്റിയിട്ടുണ്ടെങ്കിൽ നിനക്കായി ഞാൻ അത് ഉടമപ്പെടുത്തുകയോ?"

2. ഉമ്മയാകുമ്പോൾ: ഉമ്മയാകുന്ന അവസ്ഥയിൽ സ്ത്രീക്ക് പ്രത്യേകവും മഹനീയവുമായ ആദര

വ് നൽകുവാനാണ് ഇസ്‌ലാമിന്റെ ആഹ്വാനം. മാതാവിന് പുണ്യം ചെയ്യുക, അവരോട് നന്മയിൽ വർത്തിക്കുക, അവർക്ക് സേവനം ചെയ്യുന്നതിനു പരിശ്രമിക്കുക, അവർക്കു വേണ്ടി ദുആ ചെയ്യുക, ഒരു നിലക്കുള്ള ഉപദ്രവങ്ങൾക്കും അവരെ വിധേയമാക്കാതിരിക്കുക, ഏറ്റവും നല്ല സഹചാരിയോടും ഏറ്റവും നല്ല കൂട്ടുകാരനോടുമുള്ള പെരുമാറ്റം അവരോടാവുക. അല്ലാഹു പറഞ്ഞു:

"തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും, പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിനിർത്തലും കൂടി മുപ്പത് മാസക്കാലമാകുന്നു. അങ്ങനെ അവൻ തന്റെ പൂർണശക്തി പ്രാപിക്കുകയും നാൽപത് വയസ്സിലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്‌പെടുന്നവരുടെ കൂട്ടത്തിലാകുന്നു" (ക്വുർആൻ 46:15).

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക" (ക്വുർആൻ 17: 23,24).

അബൂഹുറയ്‌റഃയിൽനിന്ന് നിവേദനം. ചോദിക്കപ്പെട്ടു: "അല്ലാഹുവിന്റെ ദൂതരേ, ഞാൻ പുണ്യം ചെയ്യേണ്ടത് ആർക്കാണ്?" തിരുമേനി(സ്വ) പറഞ്ഞു: "നിന്റെ മാതാവിന്." ചോദിച്ചു: "പിന്നീട് (പുണ്യം ചെയ്യേണ്ടത്) ആർക്കാണ്?" തിരുമേനി(സ്വ) പറഞ്ഞു: "നിന്റെ മാതാവിന്." ചോദിച്ചു: "പിന്നീട് ആർക്കാണ്?" തിരുമേനി(സ്വ) പറഞ്ഞു: "നിന്റെ പിതാവിന്."

അബ്ദുല്ലാഹ് ഇബ്നു അംറി(റ)ൽനിന്ന് അബൂദാവൂദും ഇബ്നുമാജഃയും നിവേദനം: "ഹിജ്‌റയുടെ വിഷയത്തിൽ പ്രതിജ്ഞ ചെയ്യുവാൻ ഒരു വ്യക്തി നബി(സ്വ)യുടെ അടുക്കലേക്കു വന്നു. അയാൾ തന്റെ മാതാപിതാക്കളെ കരയുന്ന നിലയിലാണ് വിട്ടേച്ചു പോന്നത്. നബി(സ്വ) പറഞ്ഞു: "അവരിലേക്ക് തിരിച്ചു ചെല്ലുകയും അവരെ കരയിച്ചതു പോലെ അവരെ ചിരിപ്പിക്കുകയും ചെയ്യുക."

ഇബ്നു മസ്ഊദി(റ)ൽ നിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു: "കർമങ്ങളിൽ അല്ലാഹുവിന് ഏതാണ് ഏറ്റവും ഇഷ്ടകരമെന്ന് ഞാൻ നബി(സ്വ)യോട് ചോദിച്ചു. അവിടുന്ന് പ്രതികരിച്ചു: "നമസ്‌കാരം അതിന്റെ സമയത്ത് നിർവഹിക്കലാണ്." ഞാൻ ചോദിച്ചു: "പിന്നീട് ഏതാണ്?" നബി(സ്വ) പറഞ്ഞു: "മാതാപിതാക്കൾക്ക് പുണ്യം ചെയ്യലാണ്." ഞാൻ ചോദിച്ചു: "പിന്നീട് ഏതാണ്?" അവിടുന്ന് പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദാണ്."

മാതാപിതാക്കളെ ദ്രോഹിക്കുന്നതിനെ തൊട്ടും ഏതെങ്കിലും നിലയ്ക്കുള്ള ഉപദ്രവങ്ങൾ അവർക്ക് ഏൽപിക്കുന്നതിനെ തൊട്ടും ഇസ്‌ലാം അതിഭീഷണമാം വിധം മുന്നറിയിപ്പ് നൽകുകയും അന്ത്യനാളിൽ വിചാരണ ചെയ്യപ്പെടുന്ന ദ്രോഹമായി അതിനെ എണ്ണുകയും ചെയ്തു. എന്നു മാത്രമല്ല വൻപാപങ്ങളിൽ അതിനെ ഗണിക്കുകയും ചെയ്തു.

അബൂബക്ർ(റ)വിൽ നിന്നും ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു. തിരുദൂതർ(സ്വ) പറഞ്ഞു: "ഞാൻ നിങ്ങൾക്ക് മഹാപാപങ്ങളെക്കുറിച്ച് അറിയിച്ചുതരട്ടെയോ?" (മൂന്നുതവണ തിരുമേനി ഇത് ആവർത്തിച്ചു) അവർ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, അതെ." നബി(സ്വ) പറഞ്ഞു: "അല്ലാഹു വിൽ പങ്കുചേർക്കൽ, മാതാപിതാക്കളെ ധിക്കരിക്കൽ." ചാരി ഇരിക്കുകയായിരുന്ന തിരുമേനി(സ്വ) നേരെയിരുന്ന ശേഷം പറഞ്ഞു: "അറിയുക, കള്ളം പറയൽ; അറിയുക, കള്ളസാക്ഷ്യം നിർവഹിക്കൽ. തിരുമേനി(സ്വ) അത് ആവർത്തിച്ചുകൊണ്ടേയിരുന്നു. എത്രത്തോളമെന്നാൽ ഞങ്ങൾ പറഞ്ഞുപോയി: 'തിരുമേനി(സ്വ) മൗനം ദീക്ഷിച്ചുവെങ്കിൽ!' (ബുഖാരി, മുസ്‌ലിം).

അലി(റ)വിൽനിന്ന് ഇമാം മുസ്‌ലിം നിവേദനം. നബി(സ്വ) പറഞ്ഞു: "തന്റെ മാതാപിതാക്കളെ ശപിച്ചവരെ അല്ലാഹു ശപിച്ചിരിക്കുന്നു."

3. ഭാര്യയാകുമ്പോൾ: സ്ത്രീ ഭാര്യയാകുമ്പോൾ അവരെ ആദരിക്കുന്നത് ഇസ്‌ലാം പ്രോത്സാഹിപ്പിച്ചു. ഭാര്യക്ക് ഭർത്താവിനോട് ബാധ്യതയായ സഗൗരവമായ അവകാശങ്ങൾ ഉള്ളതു പോലെ ഭർത്തവിന്റെ ബാധ്യതയായി ധാരാളം അവകാശങ്ങൾ അവൾക്ക് ഇസ്‌ലാം നിശ്ചയിച്ചു. മാന്യമായ ദാമ്പത്യ ജീവിതം, ഭക്ഷണവും പാനീയവും വസ്ത്ര

വും മാന്യമാക്കൽ, മൃദുലമായ പെരുമാറ്റം, അവളുടെ വിഷയത്തിൽ ക്ഷമിക്കൽ, ആദരണീയമായ ഇടപഴകൽ എന്നിവയെല്ലാം ഭാര്യയോട് ഭർത്തവിന് ബാധ്യതയായ അവകാശങ്ങളാണ്. ഭാര്യയോട് ഉത്തമമായി വർത്തിക്കുന്നവനാണ് ഇസ്‌ലാമിൽ ജനങ്ങളിലെ ഏറ്റവും ഉത്തമൻ. ഭാര്യയെ മതം പഠിപ്പിക്കുക, അവളുടെ വിഷയത്തിൽ അഭിമാന രോഷമുണ്ടാവുക, അവളുടെ അന്തസ്സ് കാത്തുസൂക്ഷിക്കുക, അവളോടുള്ള പെരുമാറ്റം നന്നാക്കുക എന്നിവയും അവൾക്കുള്ള അവകാശമാണ്. ഭാര്യക്കുള്ള അവകാശങ്ങളെ മൊത്തത്തിൽ അറിയിക്കുന്ന വചനങ്ങളിൽപെട്ടതാണ് "അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുമുണ്ട്" (ക്വുർആൻ 4:19) എന്നത്.

ഭാര്യയുടെ അവകാശങ്ങളെ പരിഗണിക്കുന്നതിനെയും പരിപാലിക്കുന്നതിനെയും അരക്കിട്ടുറപ്പിക്കുന്ന വിഷയത്തിൽ ധാരാളം ഹദീഥുകൾ സുന്നത്തിൽ വന്നിട്ടുണ്ട്. അബൂഹുറയ്‌റ(റ)യിൽ നിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്ന ഹദീഥ് അതിൽ പെട്ടതാണ്. അല്ലാഹുവിന്റെ തിരുദൂതർ(സ്വ) പറഞ്ഞു: "സ്ത്രീകളോട് നന്മയിൽ വർത്തിക്കണമെന്ന വസ്വിയ്യത്ത് നിങ്ങൾ സ്വീകരിക്കുക. നിശ്ചയം, സ്ത്രീ വാരിയെല്ലിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. വാരിയെല്ലുകളിൽ ഏറ്റവും വളഞ്ഞത് മീതെയു ള്ളതാകുന്നു. താങ്കൾ അത് നേരെയാക്കിയാൽ അതിനെ പൊട്ടിക്കും. താങ്കൾ അതിനെ വിട്ടേക്കുകയാണെങ്കിലോ അത് വളഞ്ഞു തന്നെയിരിക്കും. അതിനാൽ സ്ത്രീകളോട് നന്മയിൽ വർത്തിക്കണമെന്ന വസ്വിയ്യത്ത് നിങ്ങൾ സ്വീകരിക്കുക."

ഇമാം നവവി(റഹി) പറഞ്ഞു: "സ്ത്രീകളോടു മൃദുലമായി പെരുമാറണമെന്നും നന്മയിൽ വർത്തിക്കണമെന്നും അവരുടെ വക്രസ്വഭാവങ്ങളിലും ദുർബല ബുദ്ധിയുടെ സാധ്യതയിലും ക്ഷമയവലംബിക്കണമെന്നും അകാരണമായി അവരെ ത്വലാക്വ് ചൊല്ലൽ വെറുക്കപ്പെട്ടതാണെന്നും അവർ നേരെ നിലക്കൊള്ളുവാൻ അത്യാർത്തി കാണിക്കരുതെന്നും ഈ ഹദീഥ് അറിയിക്കുന്നു."

അബൂഹുറയ്‌റ(റ)യിൽനിന്ന് ഇമാം അഹ്മദും അബൂദാവൂദും തുർമുദിയും നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ തിരുദൂതർ(സ്വ) പറഞ്ഞു: "സത്യവിശ്വാസികളിൽ വിശ്വാസം പൂർണമായവൻ അവരിൽ ഏറ്റവും നല്ല സ്വഭാവക്കാരനാണ്. തങ്ങളുടെ ഭാര്യമാരോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ് നിങ്ങളിൽ ഏറ്റവും ഉത്തമൻ."

ജാബിർ ഇബ്നുഅബ്ദില്ല(റ)യിൽനിന്ന് ഇമാം മുസ്‌ലിം നിവേദനം. അല്ലാഹുവിന്റെ തിരുദൂതർ(സ്വ) തന്റെ വിടവാങ്ങൽ ഹജ്ജിലെ പ്രസംഗത്തിൽ പറഞ്ഞു:

"സ്ത്രീകളുടെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. കാരണം അല്ലാഹുവിന്റെ കരാറിലാണ് നിങ്ങൾ അവരെ സ്വീകരിച്ചത്. അല്ലാഹുവിന്റെ വചനം(സാക്ഷ്യവചനങ്ങൾ) കൊണ്ടാണ് നിങ്ങൾ അവരുടെ ലൈംഗികാവയവങ്ങളെ അനുവദനീയമാക്കിയത്. നിങ്ങൾക്ക് അനിഷ്ടമുള്ള ആരെയും നിങ്ങളുടെ വിരിപ്പിൽ ചവിട്ടിക്കാതിരിക്കുകയെന്നത് അവരുടെമേൽ നിങ്ങൾക്കുള്ള അവകാശമാകുന്നു. അവർ അപ്രകാരം ചെയ്താൽ മുറിവേൽപ്പിക്കാത്ത നിലയിൽ നിങ്ങൾ അവരെ അടിക്കുക. മാന്യമായ നിലക്ക് അവർക്കുള്ള ഉപജീവനവും വസ്ത്രവും നിങ്ങളുടെ മേൽ ബാധ്യതയാണ്" (മുസ്‌ലിം).

ഈ ഹദീഥിലെ,'നിങ്ങൾക്ക് അനിഷ്ടമുള്ള ആരെയും നിങ്ങളുടെ വിരിപ്പിൽ അവർ ചവിട്ടിക്കാതിരിക്കുക' എന്നതിന്റെ ഉദ്ദേശ്യം, നിങ്ങളുടെ ഭവനങ്ങളിൽ പ്രവേശിക്കുന്നതിലും നിങ്ങളുടെ താമസസ്ഥലങ്ങളിൽ കയറിയിരിക്കുന്നതിലും നിങ്ങൾക്ക് അനിഷ്ടമായ ഒരാൾക്കും അത് ആണാകട്ടെ പെണ്ണാകട്ടെ, അവർ അനുവാദം നൽകാതിരിക്കുക എന്നതാണ്.

അബൂഹുറയ്‌റ(റ)യിൽനിന്ന് ഇമാം മുസ്‌ലിം നിവേദനം. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "ഒരു വിശ്വാസിയും വിശ്വാസിനിയോട് കോപിക്കരുത്. അവളിൽ നിന്ന് ഒരു സ്വഭാവം അവൻ വെറുത്താൽ അവളിൽനിന്ന് മറ്റൊന്ന് അല്ലെങ്കിൽ അതൊഴികെയുള്ളത് അവൻ ഇഷ്ടപ്പെടും."

തനിക്ക് അനിഷ്ടകരമായ ഒരു സ്വഭാവം തന്റെ ഭാര്യയിൽ ഒരാൾ കണ്ടാൽ അവളിൽതന്നെ ഉൽകൃഷ്ട സ്വഭാവങ്ങളും മാന്യമായ പെരുമാറ്റങ്ങളും ധാരാളമായുണ്ട് എന്നത് ഓർക്കേണ്ടതുണ്ട്.

ആഇശ(റ)യിൽനിന്ന് ഇമാം അഹ്മദും അബൂദാവൂദും തുർമുദിയും നിവേദനം. അല്ലാഹുവിന്റെ തിരുദൂതർ(സ്വ) പറഞ്ഞു: "നിശ്ചയം സ്ത്രീകൾ പരുഷന്മാർക്ക് ശക്വാഇക്വ് (സ്വഭാവങ്ങളിലും പ്രകൃതിയിലും സമന്മാർ) ആകുന്നു." ഇബ്നുൽ അഥീർ പറഞ്ഞു: "അഥവാ സ്വഭാവങ്ങളിലും പ്രകൃതിയിലും സമന്മാരും തുല്യരുമാകുന്നു. സ്ത്രീകൾ പുരുഷന്മാരിൽനിന്ന് അടർത്തിയെടുക്കപ്പെട്ടത് പോലെയാണ്. കാരണം ആദമി(അ)ൽനിന്നാണ് ഹവ്വാഅ് സൃഷ്ടിക്കപ്പെട്ടത്. ഒരു വ്യക്തിയുടെ ശക്വീക്വ് എന്നാൽ അയാളുടെ പിതാവിലും മാതാവിലും ഒത്ത പൂർണ സഹോദരൻ എന്നാണ്. അതിന്റെ ബഹുവചനം അശിക്കാഅ് എന്നാണ്."

പെരുമാറ്റം നന്നാക്കുവാനും സഹവർത്തിത്വം മെച്ചപ്പെടുത്തുവാനും മൃദുലമായി പെരുമാറുവാനും സുകൃതം ചെയ്യുവാനുമുള്ള ആഹ്വാനമാണ് സുവ്യക്തമാം വിധം ഈ തിരുമൊഴിയിലടങ്ങയിട്ടുള്ളത്.

# ഭിന്നിപ്പിച്ചു നശിപ്പിക്കുന്നവരെ ഒറ്റപ്പെടുത്തണം: വിസ്ഡം പ്രതിനിധി സമ്മേളനം

മുക്കം: ഗോമാംസ വിവാദം പോലെയുള്ള ഗൂഢ അജണ്ടകൾ അധികാരത്തിന്റെ തണലിൽ ബോധപൂർവ്വം നടപ്പാക്കി ഹൈന്ദവ മുസ്‌ലിം സമൂഹങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കി രാജ്യത്തെ നശിപ്പിക്കുന്ന ദുഷ്ട ശക്തികളെ മതേതര സമൂഹം ഒറ്റപ്പെടുത്തണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ആവശ്യപ്പെട്ടു.

ലോക രാഷ്ട്രങ്ങളുടെ മുമ്പിൽ ഇന്ത്യ അഭിമാനത്തോടെ തലയുയർത്തി നിൽക്കാൻ കാരണമായ മഹത്തായ നമ്മുടെ ഭരണഘടന വിവിധ ജനവിഭാഗങ്ങൾക്കു നൽകുന്ന ന്യായമായ അവകാശങ്ങളെ നിഷേധിക്കുവാനുള്ള പ്രവണതകൾ ആപൽക്കരമാണെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയം വ്യക്തമാക്കി.

വിവിധ കേന്ദ്രങ്ങളിൽ തഴച്ചുവളരുന്ന ആത്മീയവാണിഭത്തിനെതിരെ ശക്തമായ ബോധവൽക്കരണം തുടരേണ്ടതുണ്ടെന്ന് സമ്മേളനം വിലയിരുത്തി. മുക്കം, പടിഞ്ഞാറത്തറ, മൈനാഗപ്പള്ളി, മടവൂർ, കൊളത്തൂർ സംഭവങ്ങൾ ഒറ്റപ്പെട്ടതായി കാണാനാവില്ല. കൊളത്തൂർ സംഭവത്തിൽ പ്രസ്തുത കുടുംബം ഏറ്റുപറഞ്ഞ അജ്മീർ യാത്രയും അവിടെ നിന്ന് ലഭിച്ചുവെന്നു പറയുന്ന പൈശാചികബോധനവും വ്യാജ ആത്മീയതയുടെ ആഴമാണ് ബോധ്യപ്പെടുത്തുന്നത്. കാര്യകാരണബന്ധങ്ങൾക്കതീതമായി അഥവാ അഭൗതികമായി ഗുണമോ ദോഷമോ വരുത്താൻ സ്രഷ്ടാവായ അല്ലാഹുവിന് മാത്രമേ കഴിയൂ എന്നതാണ് കലിമത്തുത്തൗഹീദിന്റെ മർമ്മം. ഈ ആദർശത്തെ നിരാകരിക്കുന്നതാണ് ജീർണതകളുടെ ഉറവിടം.

തഴച്ചുവളരുന്ന ആത്മീയ വാണിഭങ്ങൾക്കെതിരെ ശക്തമായ ബോധവൽകരണത്തിന് സമ്മേളനം കർമ പദ്ധതി തയ്യാറാക്കി. ആറു മാസക്കാലത്തെ പ്രവർത്തന രൂപരേഖ പ്രതിനിധി സമ്മേളനം ചർച്ച ചെയ്തു അംഗീകരിച്ചു.

സംസ്ഥാന നേതൃസംഗമത്തിൽ വൈസ് ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു. ജന: സെക്രട്ടറി ടി.കെ അശ്റഫ് വിഷയാവതരണം നടത്തി, അബൂബക്കർ സലഫി, ഫൈസൽ മൗലവി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ശംസുദ്ധീൻ അജ്മാൻ, ഫൈസൽ വാഴക്കാട്, ഹുസൈൻ കാവനൂർ, സി.പി അബ്ദുല്ല, നബീൽ രണ്ടത്താണി, ഷൗക്കത്തലി തിരുവനന്തപുരം, ആസാദ് ഇടുക്കി, ശംസുദ്ദീൻ തൊടുപുഴ, അബ്ദുൽ ഫത്താഹ് മേപ്പാടി, പ്രൊഫ. പി.എൻ അബ്ദുറഹ്മാൻ തുടങ്ങിയവർ പ്രസംഗിച്ചു.

## കാമ്പസുകളിലെ മദ്യപാനം: ജാഗ്രതാ സമിതികൾ രൂപീകരിക്കണം എം.എസ്.എം

# എം.എസ്. എം പ്രതിനിധി സമ്മേളനം സമാപിച്ചു

കാമ്പസുകളിൽ ആഘോഷങ്ങളുടെ മറവിൽ മദ്യപാനം വർധിക്കുന്നു എന്നത് നഗ്നസത്യമായതിനാൽ പുതിയ മദ്യപാനികളെ സൃഷ്ടിക്കുന്ന ഗൂഢവിരുന്നുകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ രക്ഷാകർതൃ സമിതി ഉൾപ്പെടുന്ന ജാഗ്രതാസമിതികൾ രൂപീകരിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൽക്ക് സമീപം ലഹരി വസ്തുക്കൾ വിൽപന നടത്താൻ നിലവിൽ നിശ്ചയിച്ച ദൂരപരിധി ഇരട്ടിയായി വർധിപ്പിക്കണം.

മദ്യശാലകൾ അനുവദിക്കാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന ജനാഭിപ്രായത്തെ അവഗണിച്ച് പ്രസ്തുത അധികാരം എക്സൈസ് വകുപ്പിന് നൽകിയ സർക്കാർ നിലപാട് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് മുക്കം ഗ്രീൻവാലിയിൽ സംഘടിപ്പിച്ച എം.എസ്.എം സംസ്ഥാന പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു.

സമാപന സമ്മേളനം യു.എ.ഇ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ ജനറൽ സെക്രട്ടറി ശംസുദ്ദീൻ അജ്മാൻ ഉദ്ഘാടനം ചെയ്തു. എം.എസ്.എം ജനറൽ സെക്രട്ടറി പി.ലുബൈബ് അധ്യക്ഷത വഹിച്ചു. ഐ.എസ്.എം സംസ്ഥാന പ്രസിഡൻറ് ഡോ. സി.എം സാബിർ നവാസ്, ഡോ. കെ മുഹമ്മദ് ഷഹീർ, എ.പി മുനവ്വർ സ്വലാഹി, സി.പി സലിം, പി.പി നസീഫ്, സി.എം അബ്ദുൽ ഖാലിക്ക്, സി മുഹാസ്, ഡോ.കെ മുഹമ്മദ് കണ്ണിയൻ, കെ.പി മുഹമ്മദ് ഷമീൽ, ഇൻഷാദ് സ്വലാഹി, കെ നൂറുദ്ദീൻ സ്വലാഹി, വി അബൂബക്കർ, നിസാർ സ്വലാഹി എന്നിവർ സംസാരിച്ചു.

ഐക്യരാഷ്ട്ര സഭയിൽ പ്രബന്ധം അവതരിപ്പിച്ച അഷ്ഹാം സലീലിനെ സമ്മേളനം ആദരിച്ചു. ആഗസ്റ്റ് 25,26 തിയ്യതികളിൽ കോഴിക്കോട് പയ്യോളിയിൽ വെച്ച് നടക്കുന്ന ആർട്സ്, സയൻസ് വിദ്യാർഥി സമ്മേളനം 'ആൽക്കമി'യുടെ ഭാഗമായാണ് പ്രതിനിധി സമ്മേളനം സംഘടിപ്പിച്ചത്. ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com






# പ്രാണവായുവും പാരതന്ത്ര്യവും

പ്രപിതാക്കൻമാർ പൊരുതി നേടിയ സ്വാതന്ത്ര്യം പിടിവിട്ടു പോകാതിരിക്കാൻ പുതിയ ഒരു സ്വാതന്ത്ര്യ സമരത്തിന്റെ പാതയെ കുറിച്ച് ഗൗരവപരമായ ആലോചനകൾ നടക്കേണ്ട സമയത്താണ് വീണ്ടുമൊരു സ്വാതന്ത്ര്യദിനം കൂടി കടന്നു പോയത്.

രാജ്യം ഒന്നടങ്കം സ്വാതന്ത്ര്യസമരത്തിൽ ഒന്നിച്ചണിചേർന്നപ്പോൾ അതിൽ പങ്കെടുക്കാതെ മാറി നിന്നവരുടെ പാരമ്പര്യമുള്ളവർ ഇന്ന് രാജ്യകിരീടവും ചൂടി കപട രാജ്യസ്നേഹത്തിന്റെ കുഴലൂത്തുകാരായി മാറിയ കാഴ്ചയിൽ കണ്ണുതള്ളി നിൽക്കുകയാണ് നാം.

രാജ്യത്തിന്റെ പരമാധികാരവും പൗരൻമാർക്ക് ലഭിക്കേണ്ട തുല്യനീതിയും കാറ്റിൽ പറത്തി, ജനാധിപത്യ മതേതര ചിഹ്നങ്ങളെ പുച്ഛിച്ചു തള്ളി അധികാരക്കസേരയിലുള്ളവർ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അതിനാൽ തന്നെ സ്വാതന്ത്ര്യ പുലരിയിൽ സന്തോഷം പങ്കിടുന്നതിന് പകരം ലോകത്ത് ഏറ്റവും വലിയ പരമാധികാര രാജ്യം അനർഹരുടെ കയ്യിലകപ്പെട്ടതിന്റെ ആവലാതികൾ പങ്കുവെക്കേണ്ടി വരുന്ന ഗതികേടാണിലാണ് നാമുള്ളത്.

ജീവിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുക എന്നത് ഏറ്റവും വലിയ മനുഷ്യാവകാശലംഘനമാണ്. ഉത്തർപ്രദേശിലെ ഖൊരക്പൂർ ബാബാ രാഘവ് ദാസ് മെഡിക്കൽ കോളേജിൽ 70 പൈതങ്ങൾക്ക് പ്രാണവായു നിഷേധിച്ച് പരലോകത്തേക്ക് പറഞ്ഞയച്ചവർ നമ്മെ ഓർമിപ്പിക്കുന്നത് മറ്റൊന്നുമല്ല, നൂറുകണക്കിന് മനുഷ്യരെ ഗ്യാസ് ചേമ്പറിലിട്ട് ശ്വാസം മുട്ടിച്ച് കൊന്ന ഹിറ്റ്ലറുടെ താവഴി താഴ്മയോടെ തുടർന്നു വരാൻ തങ്ങൾക്ക് മടിയില്ലെന്ന പ്രഖ്യാപനം കൂടിയാണിത്.

മുസ്‌ലിംകളും ദലിതരുമടക്കമുള്ള പരശ്ശതം പൗരൻമാരുടെ ജീവൻ എടുത്തു കൊണ്ടാണ് പരിവാർ പ്രതിനിധികൾ സ്വാതന്ത്ര്യത്തിന് നേരെ ത്രിശൂലം ഉയർത്തുന്നത്. ഇഷ്ടമുള്ളത് കഴിക്കാനും ഇഷ്ടമുള്ള വസ്ത്രം ധരിക്കാനുമുള്ള സ്വാതന്ത്ര്യത്തിനു നേരെയാണ് സർക്കാർ സ്പോൺസേഡ് ഹിംസയുമായി ഹിന്ദുത്വ ഭീകരർ രംഗത്തിറങ്ങിയിട്ടുള്ളത്.

പൗരൻമാർക്ക് നേരെ പാരതന്ത്ര്യം പ്രഖ്യാപിച്ചു കൊണ്ടാണ് പരിവാർ ഇന്ത്യൻ തെരുവുകളിൽ തീക്കളി നടത്തുന്നത്. ശക്തമായ ഭരണഘടനയും കരുത്തുറ്റ ഫെഡറൽ സംവിധാനവും സ്വന്തമായുള്ള നമ്മുടെ രാജ്യത്ത് ഇത്തരം ദുഷ്കൃത്യങ്ങൾ ഒരിക്കലും ആവർത്തിച്ചുകൂടാ. ബ്രിട്ടീഷുകാരുടെ പീരങ്കികൾക്ക് മുന്നിൽ മുട്ടുമടക്കാത്ത ധീരദേശാഭിമാനികളായ പിതാക്കന്മാർ നമ്മുടെ ഊർജമാണെങ്കിൽ സംഘ്പരിവാർ ഭീഷണിക്ക് മുന്നിൽ സമചിത്തത കൈവിടാതെ മുന്നേറാൻ നമുക്ക് സാധിക്കണം. വികാരത്തള്ളിച്ചയിൽ വീണ്ടുവിചാരം നഷ്ടപ്പെടുന്നതിന് പകരം വിവേകം മുന്നിൽ നടക്കുന്ന ബുദ്ധിപരമായ പ്രതിരോധ പ്രവർത്തനങ്ങൾ പ്രയോഗവൽക്കരിക്കണം.

ശത്രുക്കൾക്ക് ആത്മവീര്യം തിരിച്ചു കിട്ടാനുതകുന്ന കേവല കലാപരിപാടികൾക്ക് പകരം ദീർഘകാലാടിസ്ഥാനത്തിലുള്ള ബൗദ്ധിക പദ്ധതികൾക്ക് രൂപം നൽകണം.

ജാതി മതഭേദങ്ങൾക്കതീതമായി അധിനിവേശ കാലത്ത് രൂപപ്പെട്ടത് പോലുള്ള ശക്തമായ സമരനിര പുനരാനയിക്കേണ്ട കാലമാണിത്. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും തോളോടു തോളു ചേർന്ന ശക്തമായ രണ്ടാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രഖ്യാപനത്തിന് നമുക്ക് കാതോർക്കാം.

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം

ഗുണകാംക്ഷയുടെ ശബ്ദം

നേരിന്റെ ആർജ്ജവം

വേറിട്ട വായനാനുഭവം

Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 19 August 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# ALCHEMY

## Arts and Science Students CONFERENCE

## KOZHIKODE

2017 AUGUST 25, 26

EMPOWER campus chapter

MSM KERALA, EKP Complex, Kallai Road, Calicut 02
Contact: +91 81568 12292, 99959 81556
www.msmkerala.co.in